നം.കെഎസ്എ-കെടിഎം.പി15 –1781/2019 തീയതി :28.01.2020

## കോട്ടയം ജില്ലയിലെ മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ **മാടപ്പള്ളി** ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്ത് 14.8.18 മുതൽ 31.03.19 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. സാബു ജോസഫ്, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 07.11.2019 മുതൽ 8.11.2019 വരെയും 15.11.2019 മുതൽ 19.11.2019 വരെയും | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ബീനാകുമാരി സി.ആർ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീമതി.ദർശന.വി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.മനു.എം | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. ജാസ്മിൻ എസ് | ഓഡിറ്റർ |

ബി) നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡൻറ് | ശ്രീമതി.അച്ചാമ്മ മാത്യൂ | 01.04.18മുതൽ18.05.2018വരെ |
| | ശ്രീ. സജി കെ. ജോർജ്ജ് | 19.05.2018 മുതൽ 13.06.2018വരെ |
| | ശ്രീമതി ലൈസാമ്മ ജോർജ്ജ് | 14.06.2018 മുതൽ 31.03.2019വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീമതി.അനിസ് ജി. | 01.04.18മുതൽ 15.07.2018 വരെ |
| | ശ്രീമതി ചന്ദ്രിക ബി. | 16.07.2018മുതൽ 18.07.2018 വരെ<br>29.01.2019 മുതൽ 11.02.2019വരെ<br>28.02.2019 മുതൽ 31.03.2019 വരെ |
| | ശ്രീ. രഞ്ജിത്ത് ജേക്കബ് കെ. | 19.07.2018 മുതൽ 20.12.2018വരെ<br>12.02.2019മുതൽ 27.02.2019വരെ |
| | ശ്രീമതി എം.പി.രമ | 21.12.2018 മുതൽ 28.01.2019വരെ |

മറ്റ് നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീമതി. മീന ചാക്കോ | 01.04.2018മുതൽ 31.03.2019 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ. പ്രേംകുമാർ എൻ.എം. | 01.04.2018 മുതൽ 31.03.2019 വരെ |
| സി.ഡി.പി.ഒ. | ശ്രീമതി. ജസ്സി മാമ്മൻ | 01.04.2018മുതൽ 31.03.2019 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. ഉഷാബായ് കെ.കെ. | 01.04.2018 മുതൽ 31.03.2019വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | ശ്രീമതി. കെ.കെ. ഓമന | 01.04.2018മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എൻജിനീയർ എൽ.എസ്.ജി.ഡി | ശ്രീമതി. ഫാത്തിമ എസ്. | 01.04.2018മുതൽ 10.10.2018 വരെ |
| | ശ്രീ. പ്രമോദ് ഗോപൻ | 11.10.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ എൽ.എസ്.ജി.ഡി | ശ്രീ. വിജയൻ റ്റി.ജി. | 01.04.2018മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| ഖണ്ഡിക നം. | വിഷയം |
|---|---|
| ഭാഗം 1 ഓഡിറ്റ് റിപ്പോർട്ട് | |
| 1-1 | ബജറ്റ് |
| 1-2 | ഫണ്ട് വിനിയോഗം |

| | |
|---|---|
| 1-3 | പദ്ധതി അവലോകനം |
| 1-4 | ആഭ്യന്തര നിയന്ത്രണ സംവിധാനം |
| 1-5 | ക്യാഷ് വെരിഫിക്കേഷൻ |
| 1-6 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-7 | വാർഷിക കണക്കുകളിലെ അപാകതയും വിശകലനവും |
| 1-8 | മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് എസ് സി പരിശീലന കേന്ദ്രം- സർക്കാർ അനുമതി കൂടാതെ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു |
| 1-9 | സെക്രട്ടറി നിർവ്വഹണം നടത്തിയ ഇലക്ട്രിക്കൽ പ്രവൃത്തികൾ- എസ്റ്റിമേറ്റ് നിരക്കിൽ അധികമായി തുക അനുവദിച്ചു- അധികം നൽകിയ തുക നിരാകരിക്കുന്നു |
| 1-10 | വരവ് ചെലവ് അക്കൗണ്ടിംഗിലെ അപാകതകൾ |
| 1-11 | സ്കൂളുകൾക്ക് ലാപ്ടോപ്പ്, പ്രൊജക്ടർ, പ്രൊജക്ട് സ്ക്രീൻ എന്നിവ വാങ്ങൽ– സർക്കാർ ഉത്തരവ് പാലിക്കാതെ അധികം തുക ചെലവഴിച്ചു |
| 1-12 | അനുബന്ധ ബ്ലോക്ക് കെട്ടിടത്തിന് ക്യാബിൻ തിരിക്കൽ- പ്രോജക്ട് നിർവഹണത്തിലെ അപാകത |
| 1-13 | ഐ എ വൈ പദ്ധതി – അപാകതകൾ |
| 1-14 | കമ്പ്യൂട്ടർ, യു പി എസ്, ഫോട്ടോസ്റ്റാറ്റ് മെഷീൻ എന്നിവ വാങ്ങൽ, പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ |
| 1-15 | വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല |
| 1-16 | പൊതുമരാമത്ത് പ്രവൃത്തികൾ |
| 1-17 | ഇ- ടെണ്ടർ – ടെണ്ടർഫീസ് ഇനത്തിൽ ലഭിച്ച തുക ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ ലഭിച്ചിട്ടില്ല |
| 1-18 | വൗച്ചർ സൂക്ഷിപ്പിലെ അപാകതകൾ |
| 1-19 | പദ്ധതിനിർവഹണം, മോണിറ്ററിംഗ് – ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമല്ല |
| 1-20 | വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്കുള്ള ദൈനംദിന ചെലവുകൾ- അഡ്വാൻസ് ക്രമീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയില്ല |
| 1-21 | പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| 1-22 | പ്രത്യേക ആവശ്യത്തിന് ലഭിച്ച തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു – നീക്കിയിരിപ്പിന്റെ കൃത്യത വ്യക്തമല്ല |
| 1-23 | ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് മുച്ചക്ര വാഹനം നൽകൽ- രേഖകൾ ഹാജരാക്കിയില്ല |
| 1-24 | വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല- ചെലവ് തടസ്സപ്പെടുത്തുന്നു |
| ഭാഗം 2 | |

| | |
|---|---|
| വരവ് – വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ- ഇല്ല | |
| ഭാഗം 3 ചെലവ് -വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | സ്കൂളുകൾക്ക് ലാപ്ടോപ്പ്, പ്രൊജക്ടർ, പ്രൊജക്ട് സ്ക്രീൻ എന്നിവ വാങ്ങൽ-സർക്കാർ ഉത്തരവ് പാലിക്കാതെ അധികം തുക ചെലവഴിച്ചു |
| ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 4-2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 4-5 | വായ്പ/വായ്പ തിരിച്ചടവ് |
| 4-6 | സ്ഥിരനിക്ഷേപങ്ങൾ |
| 4-7 | ഓഡിറ്റ് റിക്കവറി |
| 4-8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-9 | ചാർജ്/ സർചാർജ് നടപടികളുടെ വിവരം |
| 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം1 | ഓഡിറ്റ് സാക്ഷ്യപത്രം 2018-19 |
| അനുബന്ധം2 | ബാലൻസ് ഷീറ്റ് - 31.03.2019 തീയതിയിൽ |
| അനുബന്ധം3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2018-19 |
| അനുബന്ധം4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2018-19 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018 -19 വർഷത്തെ ബജറ്റ് 23.03.2018 തിയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 11100000 | 38248108 |
| വരവ് | 144340000 | 9966706 |
| ആകെ | 155440000 | 48214814 |
| ചെലവ് | 149115000 | 105617513 |
| | | |

| | | |
|---|---|---|
| നീക്കിയിരിപ്പ് | 6325000 | 37653061 |

## 1-2 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | സഞ്ചിതനിധിയിലേക്ക് തിരികെ ഈടാക്കിയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 33961000 | 33961000 | 29611565 | 4349435 |
| വികസനഫണ്ട് എസ്.സി.പി. | 0 | 12864000 | 12864000 | 9942948 | 2921052 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 426000 | 426000 | 292000 | 134000 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4029000 | 4029000 | 2588002 | 1440998 |
| ജനറൽപർപ്പസ് ഗ്രാന്റ് | 4244605 | 4310665 | 8555270 | 2973724 | 5581546 |

## 1-3 പദ്ധതി അവലോകനം

2018-19 വാർഷികപദ്ധതി ആസൂത്രണ പ്രക്രിയയുടെ തുടക്കമായി വർക്കിംഗ് ഗ്രൂപ്പുകൾ പുന:സംഘടിപ്പിച്ച് 30.01.2018 തീയതിയിൽ യോഗം ചേർന്നു. ഗ്രാമസഭകൾക്ക് തുല്യമായ യോഗങ്ങൾ 15.02.2018 തീയതിയിൽ ചേർന്ന് കരട് പദ്ധതിനിർദ്ദേശങ്ങൾ ചർച്ചചെയ്തു. വികസനസെമിനാർ നടന്നത് 03.03.2018 ലാണ്. 26.3.2018 ലെ 7(1) നമ്പർ തീരുമാന പ്രകാരം ഭരണസമിതി വാർഷിക പദ്ധതി അംഗീകരിച്ചു. വാർഷികപദ്ധതിക്ക് ജില്ലാ ആസൂത്രണസമിതിയുടെ അന്തിമ അംഗീകാരം 01.03.2019 ലെ 490/18/DPC/DPO/KTM ഉത്തരവ് പ്രകാരം അംഗീകരിച്ചു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 99 | 73290019 | 68 | 42434515 | 31 | 68 |

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | പ്രോജക്ടുകളുടെ വകയിരുത്തൽ | പ്രോജക്ടുകളുടെ ചെലവ് | ചുമതലപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി |
|---|---|---|---|---|---|---|
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 1 | സി ഡി പി ഒ | 6 | 5 | 2489000 | 2113456 | ക്ഷേമകാര്യം |
| 2 | സെക്രട്ടറി | 46 | 31 | 30378658 | 18507438 | വികസനകാര്യം |
| 3 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 4 | 3 | 2636465 | 2096919 | ആരോഗ്യം-വിദ്യാഭ്യാസം |
| 4 | പട്ടികജാതി വികസന ഓഫീസർ | 2 | 2 | 5324450 | 4521400 | വികസനകാര്യം, ക്ഷേമകാര്യം |
| 5 | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 2 | 2 | 5000000 | 2999860 | വികസനകാര്യം |
| 6 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ | 2 | 2 | 5060749 | 4091003 | വികസനകാര്യം |
| 7 | അസിസ്റ്റന്റ് എൻജിനീയർ | 36 | 23 | 19900697 | 8104439 | വികസനകാര്യം |
| 8 | അസി. ഡയറക്ടർ, കൃഷി | 1 | - | 250000 | - | വികസനകാര്യം |
| **ആകെ** | | **99** | **68** | **73290019** | **42434515** | |

കറവപശുകൾക്ക് കാലിത്തീറ്റ, ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി എന്ന പ്രോജക്ടുകൾ കാര്യക്ഷമമായി നടപ്പാക്കിയിട്ടുണ്ട്. പാലിയേറ്റീവ് കെയർ പദ്ധതി ഫലപ്രദമായി നടപ്പാക്കിവരുന്നുണ്ട്.

എസ് സി പരിശീലന കേന്ദ്രം അതിന്റെ യഥാർത്ഥ ലക്ഷ്യം നേടിയിട്ടില്ല. സർക്കാർ അനുമതി കൂടാതെ പഞ്ചായത്ത് കൗൺസിൽ ഹാളായി ഉപയോഗിക്കുന്ന പ്രസ്തുത പരിശീലന കേന്ദ്രത്തിന്റെ ഒന്നാം നിലയിൽ എസ് സി പി ഫണ്ട് ഉപയോഗിച്ച് ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ എൽ പി/യു പി സ്കൂളുകളുടെ നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടു കൂടി സ്കൂളുകൾക്ക് ലാപ്ടോപ്പ്, പ്രൊജക്ടർ എന്നിവ വാങ്ങി നൽകിയിട്ടുണ്ടെങ്കിലും ഉപകരണങ്ങൾ ലഭ്യമായ സ്കൂളുകൾ ഇവ ഉപയോഗയോഗ്യമാക്കിയിട്ടില്ലാത്തതിനാൽ പ്രോജക്ട് ഉദ്ദേശിച്ച ലക്ഷ്യം കൈവരിച്ചില്ല.

## 1-4 ആഭ്യന്തര നിയന്ത്രണ സംവിധാനം

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണസംവിധാനം പൊതുവെ തൃപ്തികരമല്ല. വൗച്ചറുകൾ ശരിയായ ക്രമത്തിൽ പേമെന്റ് വൗച്ചറുകൾ സഹിതം ഫയൽ ചെയ്ത് സൂക്ഷിക്കുന്നില്ല. അഡ്വാൻസ് രജിസ്റ്റർ, സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകകൾ, സമ്പൂർണ്ണ ശുചിത്വ പരിപാടി എന്നിവ

സംബന്ധിച്ച രജിസ്റ്ററുകളോ അവയുടെ കൃത്യമായ കണക്കുകളോ എഴുതി സൂക്ഷിക്കുന്നില്ല. ഐ.എ.വൈ. അക്കൗണ്ടിൽ 3 കോടിയിലധികം രൂപ മിച്ചം നിൽക്കുന്ന സാഹചര്യത്തിലും വായ്പാ പലിശ ഇനത്തിൽ സർക്കാരിന് വൻ ബാധ്യത സൃഷ്ടിക്കപ്പെടുന്നതായി കാണുന്നു. അക്കൗണ്ടിംഗ് സംവിധാനം കാര്യക്ഷമമല്ലാത്തതിനാൽ വാർഷിക കണക്കുകൾ തയ്യാറാക്കിയതിൽ നിരവധി അപാകതകൾ സംഭവിച്ചിട്ടുണ്ട്. സർക്കാർ ധനസഹായങ്ങളുടെ വിനിമയങ്ങൾ യഥാസമയം സാംഖ്യയിൽ അക്കൗണ്ട് ചെയ്യപ്പെടുന്നില്ല. കൂടാതെ വരവുചെലവുകളുടെ അക്കൗണ്ടിംഗിലും ഗുരുതരമായ അനാസ്ഥയാണ് കണ്ടെത്തിയിട്ടുള്ളത്. ഇത് സംബന്ധിച്ച് ഭരണതലത്തിൽ കൂടുതൽ അന്വേഷണം നടത്തേണ്ടതാണ്. സ്ഥാപനത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ആഭ്യന്തര നിയന്ത്രണസംവിധാനം മെച്ചപ്പെടുത്തേണ്ടതാണ്. ഇതിന് ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും കൂട്ടായ പ്രവർത്തനം ആവശ്യമാണ്.

# 1-5 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.11.2019 ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. അന്നേദിവസം ക്യാഷ് ബാലൻസ് ഇല്ല എന്ന് പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

# 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 8.07.2018 | 2017-18 | റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.03.2016 | 2013-15 | എൽ.ബി.എ.(എച്ച്.ക്യൂ.)III/III/ 12-325/15-16/720 Dt.1.3.2016 |

# 1-7 വാർഷിക കണക്കുകളിലെ അപാകതയും വിശകലനവും

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1. സെൻട്രൽ ബാങ്ക് മിസലേനിയസ് അക്കൗണ്ടിൽ 314 രൂപ പലിശയിനത്തിൽ വരവുള്ളത് ബാങ്ക്ബുക്കിൽ ചേർത്തിട്ടില്ല. ബാങ്ക്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് 36433 രൂപയും 40(b) യിലെ നീക്കിയിരിപ്പ് 36747 രൂപയും ആണ്.
2. സെൻട്രൽ ബാങ്ക് (SIG for SHGS) അക്കൗണ്ടിൽ പലിശയായി ക്രെഡിറ്റ് ചെയ്ത 18 രൂപ ബാങ്ക് ബുക്കിൽ ചേർത്തിട്ടില്ല. ബാങ്ക്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് 2112 ഉം 40(b) പ്രകാരമുള്ള നീക്കിയിരിപ്പ് 2130 ആണ്.
3. വാർഷിക ധനകാര്യ പത്രികക്കൊപ്പം notes on account ഹാജരാക്കിയിട്ടില്ല
4. വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവയുടെ ചെലവ് RP-7 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. ജനറൽ പർപസ് ഗ്രാന്റിന്റെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ

പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല.

5. വിവിധ ഏജൻസികളിൽ (കെഎസ്ഇബി, കേരള വാട്ടർ അതോറിറ്റി) തൻവർഷം ഡെപ്പോസിറ്റ് ചെയ്തതും വിനിയോഗസർട്ടിഫിക്കറ്റ് ലഭിക്കാത്തതുമായ തുകകൾ ബി-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.
6. I-17(a) ഷെഡ്യൂളിൽ ഡിപ്രീസിയേഷന്റെ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല.
7. ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്, ഡിപ്രിസിയേഷൻ എന്നിവയ്ക്ക് വർക്ക് ഷീറ്റ് തയ്യാറാക്കിയിട്ടില്ല. ആയതിനാൽ ഇവയുടെ കൃത്യത ഉറപ്പാക്കാനാവുന്നില്ല.
8. RP-12 ഷെഡ്യൂളിലെ സ്റ്റേഷനറി ചെലവ് 117380 ആണ്. എന്നാൽ I-11(b) യിൽ ആയത് 107317 ആണ്. വ്യത്യാസത്തിന്റെ കാരണം വ്യക്തമല്ല.
9. 'സെക്യേർഡ് ലോൺ ഫ്രം കോപ്പറേറ്റീവ് ബാങ്ക് ' രജിസ്റ്റർ പരിശോധിച്ചപ്പോൾ തൻവർഷം 500000/- രൂപ തിരിച്ചടച്ച് 2375000/- രൂപ ബാലൻസുള്ളതായി കാണുന്നു. എന്നാൽ B-5ഷെഡ്യൂൾ പ്രകാരമുള്ള ബാലൻസ് തുക 2875000/- ആണ്. വ്യത്യാസത്തിന്റെ കാരണം വ്യക്തമല്ല.
10. ബാങ്ക്/ട്രഷറി റിക്കൺസിലിയേഷൻ പത്രികകൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല.
11. G.O. (Ms) 152/11/LSGD തീയതി 26.7.2011 പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.
12. അഡ്വാൻസ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല.
13. RP-3 യിൽ 'അദർ റെന്റ്' ഇനത്തിൽ 9120/- രൂപ ലഭിച്ചിട്ടുണ്ട്. എന്നാൽ വിശദാംശങ്ങൾ ലഭ്യമല്ല.
14. ബാങ്ക് ബുക്കും ബാങ്ക് നീക്കിയിരിപ്പും പൊരുത്തപ്പെടുത്തുന്നതിന് യഥാർത്ഥമല്ലാത്ത ക്രമീകരണങ്ങൾ ബാങ്ക് ബുക്കിൽ രേഖപ്പെടുത്തുന്നു. ഹരിയാലി പദ്ധതിയുടെ ബാദ്ധ്യത ശീർഷകത്തെ (320100103) അതിന്റെ ബാങ്ക് അക്കൗണ്ടുമായി (സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ) പൊരുത്തപ്പെടുത്തുന്നതിന് ഇവ തമ്മിലുണ്ടായിരുന്ന വ്യത്യാസമായ 19,43,617 രൂപ, പ്രസ്തുത ബാധ്യത ശീർഷകത്തിലേക്ക് 31.03.2019ൽ ക്രെഡിറ്റ് ചെയ്തു. ഹരിയാലി പദ്ധതിക്കുവേണ്ടിയുള്ള ബാങ്ക് അക്കൗണ്ടിൽ (സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ) 31.03.2019ൽ 22,61,399 നീക്കിയിരിപ്പുണ്ട്. ഇതിന്റെ വിശദാംശം ഹാജരാക്കിയില്ല.
15. സംയുക്ത പ്രോജക്കുകളുടെ ബാധ്യത ശീർഷകങ്ങളിലെ തുകകൾ കൃത്യമല്ല. ബ്ലോക്ക് പഞ്ചായത്തിന്റെ വിവിധ ബാങ്ക് അക്കൗണ്ടുകളിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ള പലിശ തുകകളാണ് ടി ശീർഷകങ്ങളിൽ ക്രഡിറ്റ് ചെയ്തിട്ടുള്ളത്. ഉദാഹരണത്തിന് ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നുള്ള സംയുക്ത പ്രോജക്കുകളുടെ ശീർഷകത്തിൽ(320700204) സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ-ഹരിയാലി, എസ് ബി റ്റി -ഐ എ വൈ പ്ലാൻ, ഐ എ വൈ അഡ്മിൻ, കോ-ഓപ്പറേറ്റീവ് ബാങ്ക് ഐ എ വൈ ലോൺ, കാനറാ ബാങ്ക് -എസ് ബി ജനറൽ എന്നീ ബാങ്ക് അക്കൗണ്ടുകളിൽ വരവു വന്ന പലിശ തുകകൾ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.
16. ഐ എ വൈ പ്ലാൻ ബാങ്ക് അക്കൗണ്ടിൽ (എസ് ബി ഐ മാടപ്പള്ളി- 67251471920) 25.06.2018ൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു ലഭിച്ച 30,00,000 രൂപ ബാങ്ക് ബുക്കിൽ വരവ് ചേർത്തിട്ടില്ല.
17. വിവിധ ബാങ്ക് അക്കൗണ്ടുകളുടെ 31.03.2019 വരെയുള്ള ബാങ്ക് ബുക്ക് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. നാളിതുവരെയുള്ള ബാങ്ക് ബുക്ക് ഹാജരാക്കിയില്ല. എസ് ബി ഐ,

മാടപ്പള്ളി എന്ന ബാങ്ക് അക്കൗണ്ടിന്റെ 04.04.2018 മുതലുള്ള പാസ് ബുക്ക്/സ്റ്റേറ്റ്മെന്റ് പരിശോധനക്ക് ഹാജരാക്കിയില്ല.

18. ബാങ്ക് ബുക്ക് പരിശോധിച്ചതിൽ(ഐ എ വൈ-പ്ലാൻ) 18,00,000 രൂപ വരവ് വന്നതായും പിന്നീട് ഹരിയാലിയുടെ കണക്ക് ശീർഷകത്തിലേക്ക് ട്രാൻസ്ഫർ ചെയ്തതായും കാണുന്നു. എന്നാൽ ഐ എ വൈ പാസ് ബുക്കിലോ, ഹരിയാലി അക്കൗണ്ടിന്റെ പാസ് ബുക്കിലോ പ്രസ്തുത തീയതികളിൽ ടി തുക വരവ് വന്നതായി കാണുന്നില്ല. വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

# 1-8 മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് എസ് സി പരിശീലനകേന്ദ്രം- സർക്കാർ അനുമതി കൂടാതെ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു

2012-13 സാമ്പത്തിക വർഷം വികസന ഫണ്ട് (എസ് സി പി) വിഹിതം 24,49,935 രൂപ ചെലവിൽ ബ്ലോക്ക് പഞ്ചായത്ത് പരിസരത്ത് നിർമ്മിച്ചതാണ് എസ് സി വനിതാ തൊഴിൽ പരിശീലന കേന്ദ്രം. പ്രസ്തുത കെട്ടിടം അതിന്റെ യഥാർത്ഥ ലക്ഷ്യത്തിനു വിനിയോഗിക്കാതെ മറ്റ് ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നത് ഗുരുതരമായ വീഴ്ചയാണെന്ന് 2013-14 ഓഡിറ്റ് റിപ്പോർട്ടിലും 2014-15 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിരുന്നതാണ്. നിലവിൽ താഴത്തെ നില വിവിധ സർക്കാർ വകുപ്പുകളുടെ യോഗങ്ങൾക്ക് വാടകരഹിതമായി നൽകുകയും, മുകളിലത്തെ നില ബ്ലോക്ക് പഞ്ചായത്തിന്റെ കൗൺസിൽ ഹാളായി ഉപയോഗിക്കുകയുമാണ് ചെയ്യുന്നത്.

തൻ വർഷം പ്രസ്തുത കെട്ടിടത്തിന്റെ താഴത്തെ നിലയിലേക്കായി എസ് സി ഡെവലപ്മെന്റ് ഓഫീസർ നിർവ്വഹിച്ച പ്രോജക്ട് നം. 84/18-19 പ്രകാരം 120 കസേരകൾ വാങ്ങുകയും സെക്രട്ടറി നിർവ്വഹിച്ച പ്രോജക്ട് നം. 73/18-19 പ്രകാരം മുകളിലത്തെ നിലയിൽ ഇലക്ട്രിഫിക്കേഷൻ ജോലികളും നടത്തുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | | |
|---|---|---|
| പ്രോജക്ട് | 84/18-19- മാടപ്പള്ളി ബ്ലോക്ക് എസ് സി വനിത വികസനത്തിന് കസേരകൾ വാങ്ങൽ | 73/18-19 മാടപ്പള്ളി ബ്ലോക്ക് എസ് സി പരിശീലനകേന്ദ്രം വയറിംഗ് |
| അടങ്കൽ | 124450 (ആസ്തിപരിപാലന ഗ്രാന്റ്-റോഡിതരം) | 300000/- (236700- എസ് സിപി, 63300- തനതുഫണ്ട്) |
| ചെലവ് | 71400 | 109884 (ബിൽ നം. 15/23.6.2018, 16/23.6.2018) |
| നിർവ്വഹണോദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ | സെക്രട്ടറി |

കസേരകൾ വാങ്ങുന്നതിന് വിനിയോഗിച്ചിരിക്കുന്നത് ആസ്തിപരിപാലന ഗ്രാന്റ്-റോഡിതരമാണ്. ഗ്രാന്റ് തദ്ദേശഭരണസ്ഥാപനത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തി പരിപാലനത്തിന് മാത്രം വിനിയോഗിക്കേണ്ടതിനാൽ മേൽ ചെലവ് പ്രസ്തുത ഗ്രാന്റ് വിനിയോഗം സംബന്ധിച്ച സർക്കാർ മാർഗരേഖക്ക് വിരുദ്ധമാണ്.

കെട്ടിടത്തിന്റെ മുകളിലത്തെ നിലയിലെ ബ്ലോക്ക് പഞ്ചായത്ത് കൗൺസിൽ ഹാളിന്റെയും അടുത്ത ഒരു മുറിയുടെയും ഇലക്ട്രിഫിക്കേഷന് വികസന ഫണ്ട്-പ്രത്യേക ഘടക പദ്ധതിയാണ് വിനിയോഗിച്ചത്. പട്ടികജാതി വിഭാഗത്തിന്റെ വികസനത്തിനായി എസ് സി പി ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടം സർക്കാരിന്റെ അനുമതി കൂടാതെ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുകയും നിലവിലെ ഉപയോഗത്തിന്റെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന് പ്രത്യേക ഘടക പദ്ധതി വിഹിതം വിനിയോഗിക്കുകയും ചെയ്യുന്നത് ഗുരുതരമായ വീഴ്ചയാണ്. വിഷയം എക്സിറ്റ് മീറ്റിംഗിൽ അവതരിപ്പിച്ചപ്പോൾ താഴത്തെ നില വിവിധ പരിശീലന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെന്ന് ഭരണസമിതി അംഗങ്ങൾ അറിയിച്ചുവെങ്കിലും എസ് സി പരിശീലന കേന്ദ്രം എന്ന രീതിയിൽ കെട്ടിടം ഉപയോഗിക്കുന്നുവെന്ന് തെളിയിക്കുന്നതിനാവശ്യമായ രേഖകൾ പഞ്ചായത്തിലില്ല. മുകൾ നില കൗൺസിൽ ഹാളായി ഉപയോഗിക്കുന്നത് സംബന്ധിച്ച് വ്യക്തമായ മറുപടി ലഭിക്കുകയുമുണ്ടായില്ല.

പരാമർശിത അപാകതകൾ കാരണം മാർഗരേഖക്ക് വിരുദ്ധമായി കെട്ടിടത്തിനുവേണ്ടി ചെലവഴിച്ചതിൽ ഖണ്ഡിക നം. 1-9 പ്രകാരം നിരാകരിച്ചിട്ടുള്ള 6000 രൂപ ഒഴികെ ബാക്കിയുള്ള 175284/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-9 സെക്രട്ടറി നിർവ്വഹണം നടത്തിയ ഇലക്ട്രിക്കൽ പ്രവൃത്തികൾ- എസ്റ്റിമേറ്റ് നിരക്കിൽ അധികമായി തുക അനുവദിച്ചു- അധികം നൽകിയ തുക നിരാകരിക്കുന്നു

| പ്രോജക്ട് നം | 75/18-19 | 73/18-19 |
|---|---|---|
| അടങ്കൽ | 117000(വികസന ഫണ്ട്) | 236700(എസ് സി പി)<br>63300(തനത് ഫണ്ട്) |
| ചെലവ് | 77361 | 109884 (വികസനഫണ്ട്- എസ് സി പി) |
| ബിൽ നം | 04/16.05.2018,<br>13/18.05.2018 | 15/23.06.2018,<br>16/23.06.2018 |
| എഗ്രിമെന്റ് നമ്പർ | 38(ബി)17-18,29.12.2017 | 38(എ)17-18,29.12.2017 |
| എം ബുക്ക് നമ്പർ | 37/17-18, 29.12.2017 | 36/17-18, 29.12.2017 |
| കരാറുകാരന്റെ പേര് | ചാക്കോ ആന്റണി | ചാക്കോ ആന്റണി |

സെക്രട്ടറി നിർവ്വഹണം നടത്തിയ അനുബന്ധ ബ്ലോക്ക് കെട്ടിടം വയറിംഗ്, മാടപ്പള്ളി ബ്ലോക്ക് എസ് സി പരിശീലന കേന്ദ്രം വയറിംഗ് എന്നീ രണ്ട് പ്രവൃത്തികളിലും എസ്റ്റിമേറ്റിലും അധിക

നിരക്കിൽ കരാറുകാരന് തുക നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | ഇനം | ചെയ്ത അളവ് (എണ്ണം) | എസ്റ്റിമേറ്റ് പ്രകാരം നിരക്ക് | അനുവദിച്ച നിരക്ക് | നൽകാവുന്ന തുക (രൂപ) | നൽകിയ തുക (രൂപ) | അധികം നൽകിയ തുക (രൂപ) |
|---|---|---|---|---|---|---|---|
| 75/18-19 അനുബന്ധ ബ്ലോക്ക് കെട്ടിടം വയറിംഗ് | 2.01- 20 വാട്ട് എൽ ഇ ഡി ലൈറ്റ് ഫിറ്റിംഗ് | 2 | 1067 | 1567 | 2134 | 3134 | 1000 |
| | 3.00(a) 20 വാട്ട് എൽ ഇ ഡി ലൈറ്റ് ഫിറ്റിംഗ് | 6 | 1401 | 1901 | 8406 | 11406 | 3000 |
| 73/18-19 മാടപ്പള്ളി ബ്ലോക്ക് എസ് സി പരിശീലന കേന്ദ്രം വയറിംഗ് | 3.00(a) 20 വാട്ട് എൽ ഇ ഡി ലൈറ്റ് ഫിറ്റിംഗ് | 12 | 1401 | 1901 | 16812 | 22812 | 6000 |
| ആകെ | | | | | | | 10,000 |

പ്രോജക്ട് നം. 75/18-19 ന്റെ എസ്റ്റിമേറ്റിൽ ക്രമ നം. 3.00(a) ആയും 2.01 ആയും ഉൾപ്പെടുത്തിയിരിക്കുന്നത് 20w എൽ ഈ ഡി ലൈറ്റ് ഫിറ്റിംഗ് എന്ന ഇനമാണെങ്കിലും നിരക്ക് വ്യത്യസ്തമാണ്. ഈ വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10) മറുപടി നൽകിയില്ല. അധികം നൽകിയ തുക അംഗീകരിക്കുന്നില്ല. അധികം നൽകിയ തുക കരാറുകാരനിൽ നിന്നോ, പ്രവൃത്തി നിർവ്വഹിച്ച നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

# 1-10 വരവ് ചെലവ് അക്കൗണ്ടിംഗിലെ അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിന്റെ വരവ് ചെലവുകൾ അക്കൗണ്ട് ചെയ്യുന്നതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

<u>(1) രസീതുകൾ പ്രകാരമുള്ള പണം പിരിവിലെ അപാകത</u>

03.11.2018 മുതൽ പഞ്ചായത്തിന്റെ എല്ലാ പണം വരവുകൾക്കും കയ്യെഴുത്ത് സമ്പ്രദായത്തിലുള്ള

രസീതുകൾ നൽകുകയും പിന്നീട് ഓരോ കയ്യെഴുത്ത് രസീതും ഇന്ററപ്റ്റഡ് രസീതായി സാംഖ്യയിൽ വരവ് വെക്കുകയുമാണ് ചെയ്യുന്നത്. വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16) സാംഖ്യ രസീതുകൾ പ്രിന്റ് ചെയ്യുന്ന ഡോട്ട് മാട്രിക്സ് പ്രിന്റർ തകരാറിലായതിനാലാണ് ഇപ്രകാരം ചെയ്യുന്നതെന്നും ഇത് ഐ കെ എം നെ അറിയിച്ചിട്ടുണ്ടെന്നും പുതിയ പ്രിന്റർ വാങ്ങുന്നതിന് തൻവർഷം പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടെന്നുമുള്ള മറുപടിയാണ് നൽകിയത്. കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങളിലെ ചട്ടം 20(ഡി) പ്രകാരം അക്കൗണ്ടിംഗ് സമ്പ്രദായം കമ്പ്യൂട്ടർവൽക്കരിക്കുമ്പോൾ കമ്പ്യൂട്ടർവൽക്കരിച്ച രസീതുകൾ നൽകണമെന്നാകയാൽ പ്രിന്ററിന്റെ തകരാർ യഥാസമയം പരിഹരിക്കാതിരുന്നത് ഗുരുതരമായ വീഴ്ചയാണ്. പഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

<u>(2) ചെലവുകൾ യഥാസമയം സാംഖ്യയിൽ രേഖപ്പെടുത്തുന്നില്ല</u>

തനത് ഫണ്ടിൽ നിന്നുള്ള ചെലവുകളുടെ കാര്യത്തിൽ ചെലവു തുകയ്ക്കുള്ള ചെക്ക് എഴുതി തുക ട്രഷറിയിലെ ടി എസ് ബി അക്കൗണ്ടിൽ നിന്നും പിൻവലിച്ചതിനു ശേഷം ദിവസങ്ങൾക്കു ശേഷം സാംഖ്യയിൽ ചെലവു രേഖപ്പെടുത്തുന്ന വിവിധ സാഹചര്യങ്ങൾ കണ്ടു. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു

| ചെക്ക് നം. തീയതി | തുക | ട്രഷറിയിൽ നിന്നും തുക പിൻവലിച്ച തീയതി | ബാങ്ക് ബുക്കിൽ ചെലവ് രേഖപ്പെടുത്തിയ തീയതി |
|---|---|---|---|
| 0812999/20.12.2018 | 57672 | 24.12.2018 | 11.01.2019 |
| 0812977/20.10.2018 | 3107 | 20.10.2018 | 29.10.2018 |
| 0812988/26.11.2018 | 18536 | 26.11.2018 | 26.12.2018 |

ചെലവുകൾ യഥാസമയം അക്കൗണ്ട് ചെയ്യാത്തത് അക്കൗണ്ടന്റിന്റെ ഭാഗത്തുനിന്നുള്ള ഗുരുതര വീഴ്ചയാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഈ വിഷയത്തിൽ ജാഗ്രത പുലർത്തിയിരുന്നില്ലായെന്നാണ് മനസ്സിലാകുന്നത്. ഈ വിഷയത്തിലേയ്ക്ക് ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. ചെലവുകൾ യഥാസമയം അക്കൗണ്ട് ചെയ്യുന്നു എന്നതു സംബന്ധിച്ച് കൃത്യമായ മേൽനോട്ടം ഉണ്ടാകേണ്ടതാണ്.

# 1-11 സ്കൂളുകൾക്ക് ലാപ്ടോപ്പ്, പ്രോജക്ടർ, പ്രൊജക്ട് സ്ക്രീൻ എന്നിവ വാങ്ങൽ- സർക്കാർ ഉത്തരവ് പാലിക്കാതെ അധികം തുക ചെലവഴിച്ചു

പ്രോജക്ടിന്റെ പേര് -ബ്ലോക്ക് പരിധിയിലെ സർക്കാർ എൽ പി, യു പി, ഹൈസ്കൂളുകൾക്ക് ലാപ്ടോപ്പ്, പ്രൊജക്ടർ, പ്രൊജക്ട് സ്ക്രീൻ എന്നിവ വാങ്ങൽ

പ്രോജക്ട് നം. 97/19

അടങ്കൽ- 1500000/- (വികസനഫണ്ട് )

ചെലവ്- 1006500/- (194700/- രൂപ, ബിൽ നം. 52/20.03.2019, 422400/- രൂപ- ബിൽ നം. 60/20.03.2019, 389400/ -ബിൽ നം. 52/20.03.2019 )

2018-19 വർഷം സെക്രട്ടറി നിർവഹണം നടത്തിയ ഈ പ്രോജക്ട് പ്രകാരം ടെണ്ടർ നിർവഹണരീതി മുഖേന 15 എൽ.പി, യു.പി സ്കൂളുകളിൽ കെ.എം ടെക്നോളജീസ് കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നും ലാപ്ടോപ്പ്, പ്രൊജക്ടർ, പ്രൊജക്ട് സ്ക്രീൻ എന്നിവ വാങ്ങി നൽകിയിട്ടുണ്ട്. സ്കൂളുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്കൂളിന്റെ പേര് |
|---|---|
| 1 | ഗവ.യു.പി.എസ്, പൂവം |
| 2 | ഗവ.യു.പി.എസ്, ചീരഞ്ചിറ |
| 3 | ഗവ.എൽ.പി.എസ്, കുറുമ്പനാടം |
| 4 | ഗവ.യു.പി.എസ്, പായിപ്പാട് |
| 5 | ഗവ.മുസ്ലിം എൽ.പി.എസ്, പായിപ്പാട് |
| 6 | ഗവ.എൽ.പി.എസ്, മാടപ്പള്ളി |
| 7 | ഗവ.എൽ.പി.എസ്, കടമാൻചിറ |
| 8 | ഗവ.എൽ.പി.എസ്, തൃക്കൊടിത്താനം |
| 9 | ഗവ.എൽ.പി.എസ്, തോട്ടയ്ക്കാട് |
| 10 | ഗവ.എൽ.പി.എസ്, മരങ്ങാട് |
| 11 | സെന്റ് അദായ് ഗവ.എൽ.പി.എസ്, നാലുന്നാക്കൽ |
| 12 | ഗവ. എൽ.പി.എസ്, തൃക്കോതമംഗലം |
| 13 | ഗവ.എൽ പി.എസ്, വാകത്താനം |
| 14 | വിവേകാനന്ദ എൽപി.എസ്, പറാൽ |
| 15 | ഗവ.എൽ.പി.എസ്, തുരുത്തി |

പൊതുവിദ്യാഭ്യാസവകുപ്പിന്റെ 06.01.2018 ലെ സ.ഉ (സാധാ)നം. 97/20 ഉത്തരവ് പ്രകാരം നിർവഹണം നടത്തിയ ഈ പ്രോജക്ടിന്റെ നിർവഹണത്തിൽ ടി ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

1. ഗവ.എൽ.പി സ്കൂൾ, മാടപ്പള്ളിയ്ക്ക് നൽകിയ ലാപ്ടോപ്പ് എ.ഇ.ഒ ഓഫീസിൽ നൽകിയിരിക്കുന്നതായും പ്രൊജക്ടർ, സ്ക്രീൻ (കവർ തുറക്കാതെ) എന്നിവ ഓഫീസ് മുറിയിൽ സൂക്ഷിച്ചിരിക്കുന്നതായും 18.11.2019 ൽ സ്കൂൾ സന്ദർശിച്ചതിൽ വ്യക്തമായി. ഗവ എൽ.പി സ്കൂൾ, തൃക്കൊടിത്താനത്തിന് നൽകിയ പ്രൊജക്ടർ, സ്ക്രീൻ എന്നിവ കവർ തുറക്കാതെ സൂക്ഷിച്ചിരിക്കുന്നതായി കാണപ്പെട്ടു. രണ്ട് സ്ഥലങ്ങളിലും ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല. വിതരണക്കാർ പ്രഥമാദ്ധ്യാപകന് ഉപകരണങ്ങൾ പ്രവർത്തിപ്പിച്ച് കാണിക്കേണ്ടതാണെന്നും എല്ലാ ഐ.ടി ഉപകരണങ്ങളിലും ഇൻസ്റ്റലേഷൻ തീയതി, വാറന്റി

പീരീഡ്, സർവീസ് നടത്തേണ്ട സ്ഥാപനം/വ്യക്തിയുടെ വിശദാംശങ്ങൾ എന്നിവ രേഖപ്പെടുത്തേണ്ടതാണെന്നുമുള്ള മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾ ഇവിടെ പാലിക്കപ്പെട്ടിട്ടില്ല. ഇപ്രകാരം ഉപയോഗിക്കാതെ സൂക്ഷിച്ചാൽ എല്ലാ ഉപകരണങ്ങൾക്കും 5 വർഷ വാറണ്ടി ഉറപ്പാക്കണമെന്നുള്ള മേൽ ഉത്തരവിലെ നിർദ്ദേശം എങ്ങനെ പാലിക്കുമെന്ന് വ്യക്തമല്ല. 15 സ്കൂളുകളിൽ നിന്നും ഉപകരണങ്ങളുടെ ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ്, ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതാണ്.

2. ഉപകരണങ്ങൾ വിതരണം ചെയ്യുന്നവർ പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള കാൾ സെന്റർ നമ്പർ, വെബ് പോർട്ടൽ അഡ്രസ് എന്നിവ സ്കൂളുകൾക്ക് ലഭ്യമാക്കേണ്ടതാണെന്നും ഹാർഡ് വെയർ പരാതികൾ വിതരണക്കാർ 2 പ്രവൃത്തി ദിവസങ്ങൾക്കകം അറ്റൻഡ് ചെയ്യേണ്ടതും പരമാവധി അഞ്ച് പ്രവൃത്തി ദിവസങ്ങൾക്കകം പരിഹരിക്കേണ്ടതുമാണെന്ന മേൽ ഉത്തരവിലെ നിർദ്ദേശം പാലിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

3. മേൽ ഉത്തരവിലെ ഒന്നാമത്തെ മാർഗനിർദ്ദേശം പ്രകാരം ലാപ്ടോപ്പ് കമ്പ്യൂട്ടർ, പ്രൊജക്ടർ, പ്രൊജക്ടർ സ്ക്രീൻ എന്നിവയ്ക്ക് ഈടാക്കാവുന്ന പരമാവധി തുക അനുബന്ധമായി ചേർത്തിട്ടുണ്ട്. ലാപ്ടോപ്പ്, പ്രൊജക്ടർ, പ്രൊജക്ടർ സ്ക്രീൻ എന്നിവയ്ക്ക് ഈടാക്കാവുന്ന പരമാവധി തുക (ജി.എസ്.ടി ഉൾപ്പെടെ) യഥാക്രമം 31000/-, 23860/-, 2200/- രൂപ (ആകെ -57060/- രൂപ) യാണ്. സർക്കാർ ഉത്തരവ് പ്രകാരം 15 സ്കൂളുകൾക്ക് 855900/- രൂപ (57060* 15)യാണ് ആകെ ചെലവഴിക്കാവുന്നത്. ഈ തുകയിൽ അധികരിച്ച് 15 സ്കൂളുകൾക്ക് ആകെ 1006500/- രൂപ (15*67100) ചെലവഴിച്ചതായി കാണുന്നു. 150600/- രൂപ അധികം നൽകിയതിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശപ്രകാരമുള്ള തുകയിൽ അധികമായി നൽകിയ 150600/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. അധികമായി ചെലവഴിച്ച തുക നിർവ്വഹണോദ്യോഗസ്ഥനായ സെക്രട്ടറിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

# 1-12 അനുബന്ധ ബ്ലോക്ക് കെട്ടിടത്തിന് ക്യാബിൻ തിരിക്കൽ- പ്രോജക്ട് നിർവഹണത്തിലെ അപാകത

പ്രോജക്ട് നം. 72/19 (അനുബന്ധ ബ്ലോക്ക് കെട്ടിടത്തിന് ക്യാബിൻ തിരിക്കൽ)

അടങ്കൽ- 371440/- (വികസനഫണ്ട് )

ചെലവ്- 371440/-

2018-19 വർഷം സ്പിൽ ഓവറായി, അക്രഡിറ്റഡ് ഏജൻസി മുഖേന സെക്രട്ടറി നിർവഹണം നടത്തിയ ഈ പ്രോജക്ട് അനുബന്ധ ബ്ലോക്ക് കെട്ടിടത്തിൽ ഓഫീസ് സജ്ജീകരിക്കുന്നതിന്റെ ഭാഗമായി ക്യാബിൻ തിരിക്കുന്നതിനും അനുബന്ധപ്രവൃത്തികൾ നടത്തുന്നതിനും ഉദ്ദേശിച്ചുള്ളതായിരുന്നു.

പ്രോജക്ടിന്റെ എസ്റ്റിമേറ്റ് ഫയലിലില്ല. 20.03.2018 ൽ റബ്കോയുമായി കരാറിലേർപ്പെടുകയും 23.03.2018 ലെ 973/17-ാം നം. കത്ത് പ്രകാരം വർക്ക് ഓർഡർ നൽകുകയും ചെയ്തു. സർക്കാർ ഉത്തരവ് നം.311/74 തീ.30.07.2014 പ്രകാരം അക്രഡിറ്റഡ് ഏജൻസിക്ക് അനിവാര്യ സാഹചര്യങ്ങളിൽ സർക്കാരിന്റെ മുൻകൂർ അനുമതിയോടെ എസ്റ്റിമേറ്റിന്റെ 20% വരെ പണം

മുൻകൂർ നൽകാവുന്നതാണെന്നാണ് വ്യക്തമാക്കിയിരിക്കുന്നത്. എന്നാൽ ഈ പ്രവൃത്തിക്ക് 16.05.2018 ലെ 5/18-19-ാം നം ബിൽ പ്രകാരം 185720 രൂപ (50%)അഡ്വാൻസ് നൽകിയതിന്റെ കാരണം വ്യക്തമല്ല. പ്രവൃത്തി തുടങ്ങുന്നത് സംബന്ധിച്ച് സെക്രട്ടറി റബ്കോയ്ക്ക് നൽകിയ 15.09.2018 973/17-ാം നം. കത്തിൽ അടിയന്തിരമായി പൂർത്തീകരിക്കാത്ത പക്ഷം നിയമനടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. കരാറിലെ 5 b നം ഖണ്ഡിക പ്രകാരം സാധനം, സേവനം സപ്ലൈ ചെയ്യുന്നതിന് കരാർ കാലാവധിക്ക് (120 ദിവസം) ശേഷം വരുന്ന കാലതാമസത്തിന് ബില്ലിൽ നിന്നും കുറവ് ചെയ്യേണ്ട തുകയുടെ വിവരം ചേർത്തിട്ടുണ്ട്. ഈ വ്യവസ്ഥ പാലിച്ചിട്ടില്ല. 19.11.2018 ലെ റബ്കോയുടെ കത്തിൽ പ്രവൃത്തി പൂർത്തീകരിച്ചതായി അറിയിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച് നിർവഹണഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം ഫയലിലില്ലാത്തതിനാൽ പ്രവൃത്തി പൂർത്തീകരിച്ചത് എന്നാണെന്ന് വ്യക്തമല്ല. എന്നാൽ 28.12.2018 ൽ നൽകിയ 185720/-രൂപയുടെ ഫൈനൽ ബില്ലിൽ കാലതാമസത്തിന് തുക കുറവ് ചെയ്തിട്ടില്ല. പ്രവൃത്തിയുടെ വാല്വേഷൻ, പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച നിർവഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം, ഫർണിച്ചർ സ്റ്റോക്കിലെടുത്തതിന്റെ വിവരം, മോണിട്ടറിംഗ് റിപ്പോർട്ട് മുതലായവ ഫയലിലില്ല. വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതും ഇപ്രകാരമുള്ള അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-13 ഐ എ വൈ പദ്ധതി- അപാകതകൾ

**(1) <u>ഐ എ വൈ പ്ലാൻ ബാങ്ക് അക്കൗണ്ടിലെ ഇടപാടുകളുടെ കൃത്യത ഉറപ്പാക്കാനാകുന്നില്ല</u>**

ഐ എ വൈ പദ്ധതിക്കായി ഗ്രാമപഞ്ചായത്തുകളിൽ നിന്നും ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന വികസന ഫണ്ട് വിഹിതം നിക്ഷേപിച്ചിരുന്ന ബാങ്ക് അക്കൗണ്ടാണിത്. ഐ എ വൈ പദ്ധതിക്കായി തൻവർഷം ജില്ലാപഞ്ചായത്തിൽ നിന്നും 30,00,000 രൂപ 25.06.2018ൽ ഈ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ടെങ്കിലും (അക്കൗണ്ട് നം.67251471920) ഈ തുക സാംഖ്യ ബാങ്ക് ബുക്കിൽ വരവ് രേഖപ്പെടുത്തിയിട്ടില്ല (ബാങ്ക് സ്റ്റേറ്റ്മെന്റിൽ പ്രസ്തുത തുക ജില്ലാ പഞ്ചായത്തിൽ നിന്നും ട്രാൻസ്ഫർ ചെയ്തതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്). ഇത് ജില്ലാപഞ്ചായത്തിൽ നിന്നും ലഭിച്ച ഐ എ വൈ അധികവിഹിതമാണെന്നും (1ഗുണഭോക്താവിന് 1,00,000 രൂപ വീതം ആകെ 30 ഗുണഭോക്താക്കൾക്ക് 30,00,000 രൂപ) പ്രസ്തുത തുക ഗുണഭോക്താക്കൾക്ക് തൻവർഷം തന്നെ വിതരണം ചെയ്തുവെന്ന് സെക്ഷനിൽ നിന്നും വാക്കാൽ അറിയിച്ചിരുന്നു. എന്നാൽ പ്രസ്തുത തുക ചെലവഴിച്ചതിന്റെ രേഖകൾ (ഭവനങ്ങളുടെ പൂർത്തീകരണ വിവരം, ഗുണഭോക്താക്കളുടെ കൈപ്പറ്റ് രസീത്) ഹാജരാക്കുവാൻ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് പ്രത്യേക കത്ത് നൽകിയെങ്കിലും ഇവ ഹാജരാക്കിയില്ല. ആയതിനാൽ ഈ തുകയുടെ വിനിയോഗത്തിന്റെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

ടി ബാങ്ക് അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റും ബാങ്ക് ബുക്കും താരതമ്യം ചെയ്തതിൽ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടുള്ള എല്ലാ വരവുകളും കൃത്യമായി ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ലായെന്ന് കണ്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | തീയതി | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം വരവ് | ബാങ്ക് ബുക്ക് പ്രകാരം വരവ് | വിവരണം |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| | 15.05.2018 | --- | 345067 | ബ്ലോക്ക് പഞ്ചായത്തിൽ നിന്നുള്ള വിഹിതം എന്ന ശീർഷകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു |
| | 25.06.2018 | 30,00,000 | --- | ജില്ലാ പഞ്ചായത്ത് വിഹിതം |
| | 25.06.2018 | 292597 | --- | പലിശ |
| | 25.09.2018 | 308126 | --- | പലിശ |
| | 25.12.2018 | 287297 | --- | പലിശ |
| | 19.01.2019 | | 18,00,000 | ഗ്രാമപഞ്ചായത്തിൽ നിന്നുള്ള വിഹിതം എന്ന ശീർഷകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു |
| | 19.01.2019 | --- | 861891 | ജില്ലാപഞ്ചായത്തിൽ നിന്നുള്ള വിഹിതം എന്ന ശീർഷകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു |
| | 19.01.2019 | --- | 882000 | ജില്ലാപഞ്ചായത്തിൽ നിന്നുള്ള വിഹിതം എന്ന ശീർഷകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു |
| | 22.01.2019 | --- | 30000 | ഗ്രാമപഞ്ചായത്തിൽ നിന്നുള്ള വിഹിതം എന്ന ശീർഷകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു |
| | 23.01.2019 | 30000 | | വാകത്താനം പഞ്ചായത്തിൽ നിന്നും ലഭിച്ച പി എം എ വൈ വിഹിതം |
| | 25.03.2019 | 284462 | 284462 | പലിശ |
| | ആകെ | 4202482 | 4203420 | |

ബാങ്ക് സ്റ്റേറ്റ്മെന്റുമായി താരതമ്യം ചെയ്തപ്പോൾ ബാങ്ക് ബുക്കിൽ 938 രൂപയുടെ അധിക വരവുണ്ട്. 19.01.2019ൽ 938 രൂപക്ക് ബാങ്ക് ചാർജിനത്തിൽ ബാങ്ക് ബുക്കിൽ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് ബാങ്ക് ബുക്കിലുള്ള അധിക വരവിനെ ക്രമീകരിച്ച് ബാങ്ക് ബുക്കിനെ ബാങ്ക് സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുത്താനാണെന്ന് വ്യക്തമാണ്. പ്രസ്തുത അക്കൗണ്ടിൽ നിന്നുമുള്ള പിൻവലിക്കലുകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ അക്കൗണ്ടിൽ നിന്നുള്ള പിൻവലിക്കലുകളുടെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല.

<u>(2) ഐ എ വൈ പദ്ധതിക്കായുള്ള ബാങ്ക് അക്കൗണ്ടുകളിൽ വലിയ തുകയുടെ നീക്കിയിരിപ്പ്</u>

ബ്ലോക്ക് പഞ്ചായത്തിൽ ഐ എ വൈ പദ്ധതിക്കായി ചുവടെ ചേർക്കും പ്രകാരമുള്ള അക്കൗണ്ടുകൾ നിലവിലുണ്ട്.

| ക്രമ നം | ബാങ്ക് അക്കൗണ്ട് | 31.03.2019 ലെ നീക്കിയിരിപ്പ് |
|---|---|---|
| 1. | എസ് ബി റ്റി- ഐ എ വൈ | 64,366 |
| | | |

| | | |
|---|---|---|
| 2. | എസ് ബി റ്റി- ഐ എ വൈ-പ്ലാൻ | 2,82,37,959 |
| 3. | ഐ എ വൈ അഡ്മിൻ-എസ് ബി റ്റി | 6776 |
| 4. | കോ-ഓപ്പറേറ്റീവ് ബാങ്ക്-ഐ എ വൈ ലോൺ | 2,95,610 |

എസ് ബി റ്റി- ഐ എ വൈ എന്ന ബാങ്ക് അക്കൗണ്ട് ഐ എ വൈ പദ്ധതിക്കുവേണ്ടിയുള്ള കേന്ദ്ര വിഹിതം നിക്ഷേപിച്ചിരുന്ന ബാങ്ക് അക്കൗണ്ടാണ്. എസ് ബി റ്റി- ഐ എ വൈ-പ്ലാൻ എന്നത് വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്നും, ജില്ലാ പഞ്ചായത്തിൽ നിന്നുമുള്ള ഐ എ വൈ പദ്ധതിക്കുവേണ്ടിയുള്ള വികസന ഫണ്ട് വിഹിതം നിക്ഷേപിച്ചിരുന്ന അക്കൗണ്ടാണ്. ഐ എ വൈ അഡ്മിൻ-എസ് ബി റ്റി, കോ-ഓപ്പറേറ്റീവ് ബാങ്ക്-ഐ എ വൈ ലോൺ എന്നീ അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുകകളുടെ വിശദാംശം ലഭ്യമല്ല. എസ് ബി റ്റി- ഐ എ വൈ-പ്ലാൻ എന്ന അക്കൗണ്ടിൽ തന്നെയാണ് പി എം എ വൈ പദ്ധതിക്കുവേണ്ടിയുള്ള മറ്റ് ഗ്രമപഞ്ചായത്തുകളുടെ വികസന ഫണ്ട് വിഹിതം നിലവിൽ നിക്ഷേപിക്കുന്നത്. ഐ എ വൈ പദ്ധതി 2015-16 സാമ്പത്തികവർഷം അവസാനിച്ചതിനാൽ പി എം എ വൈ പദ്ധതിക്കുവേണ്ടി ലഭിച്ചതിൽ ചെലവഴിക്കാൻ ബാക്കിയുള്ള തുക ഒഴികെ ബാക്കിയുള്ള തുകകൾ സർക്കാരിലേക്ക് തിരികെ ഒടുക്കേണ്ടതും മേൽ പരാമർശിത ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതുമാണ്.

# 1-14 കമ്പ്യൂട്ടർ, യു.പി.എസ്, ഫോട്ടോസ്റ്റാറ്റ് മെഷീൻ എന്നിവ വാങ്ങൽ - പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ

പ്രോജക്ട് നം. 119/19

അടങ്കൽ- 320000/-

ചെലവ്- 318000/-

പ്രോജക്ടിന്റെ പേര്- അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലേക്ക് കമ്പ്യൂട്ടർ, യു.പി.എസ്, ഫോട്ടോസ്റ്റാറ്റ് മെഷീൻ എന്നിവ വാങ്ങൽ

2018-19 വർഷം സെക്രട്ടറി നിർവഹണം നടത്തിയ ഈ പ്രോജക്ട് പ്രകാരം ആർ ജെ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ നടപടിക്രമങ്ങളിലൂടെ കമ്പ്യൂട്ടർ (ഡെസ്ക്ടോപ്പ്), ഫോട്ടോസ്റ്റാറ്റ് മെഷീൻ, യുപിഎസ് എന്നിവ വാങ്ങി അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലേക്ക് നൽകി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | വാങ്ങിയ ഉപകരണം | എണ്ണം | ഇൻവോയ്സ് നം./ തീയതി | ബിൽ നം./തീയതി | തുക |
|---|---|---|---|---|---|
| 1 | കമ്പ്യൂട്ടർ ഡെസ്ക്ടോപ്പ് | 2 | RJE 1060, 22/03/2019 | 68, 25/03/2019 | 86000/- |
| 2 | കമ്പ്യൂട്ടർ ഡെസ്ക്ടോപ്പ് | 2 | RJE 1061, 22/03/2019 | 71, 25/03/2019 | 84000/- |
| 3 | യുപിഎസ് | 1 | RJE 1062, 22/03/2019 | 69, 25/03/2019 | 94000/- |
| 4 | ഫോട്ടോസ്റ്റാറ്റ് മെഷീൻ | 1 | RJE 1059, 22/03/2019 | 70, 25/03/2019 | 54000/- |
| **ആകെ** | | | | | **318000** |

ക്രമനം. 1 പ്രകാരം വാങ്ങിയ രണ്ട് കമ്പ്യൂട്ടറുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ സ്റ്റോക്കിലെടുക്കാതെയാണ് വിതരണം ചെയ്തത്. പ്രസ്തുത വാങ്ങൽ പ്രകാരമുള്ള ഉപകരണങ്ങൾ അസി.എഞ്ചിനീയറുടെ ഓഫീസിലെ സ്റ്റോക്കിലെടുത്തിട്ടില്ല. 24.09.2010 ലെ സർക്കാർ ഉത്തരവ് നം.86/2010 പ്രകാരം കംപ്യൂട്ടർ ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ എന്നിവയ്ക്ക് പ്രത്യേക രജിസ്റ്റർ നിർബന്ധമായും സൂക്ഷിക്കേണ്ടതാണെന്നും രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തേണ്ട മാതൃകയും വ്യക്തമാക്കിയിട്ടുണ്ട്. സ്ഥലപരിശോധനയിൽ അസി.എഞ്ചിനീയറുടെ ഓഫീസിലുള്ള 4 കമ്പ്യൂട്ടറുകൾ ഈ വാങ്ങൽ പ്രകാരമുള്ളതാണെന്ന് വ്യക്തമാക്കുന്ന രേഖകൾ ലഭിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.
ഒരേ തീയതിയിലെ വിവിധ ഇൻവോയ്സുകൾ, ബില്ലുകൾ എന്നിവ പ്രകാരം ആകെ 318000/- രൂപ സ്ഥാപനത്തിന് നൽകിയെങ്കിലും ബില്ലുകൾ വിഭജിച്ച് നൽകിയതിനാൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ വരുന്ന വാങ്ങലുകൾക്ക് ഈടാക്കേണ്ട 2% ജി.എസ്.ടി തുക ഈടാക്കിയിട്ടില്ല. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

വിശദീകരണം രേഖകൾ സഹിതം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ 8-ാം നമ്പർ ഓഡിറ്റ് എൻക്വയറിയുടെ മറുപടി ലഭ്യമാക്കിയില്ല. വിശദാംശങ്ങളുടെ അഭാവത്തിൽ 318000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-15 വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല

2018-19 വർഷം സെക്രട്ടറി നിർവഹണം നടത്തിയ ചുവടെ ചേർക്കുന്ന വിഹിതം നൽകൽ പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്ട് നം. | തുക | ബിൽ നം. തീയതി | വിഹിതം നൽകിയ സ്ഥാപനം |
|---|---|---|---|---|
| 1 | 17/19, കിടപ്പുരോഗികളെ വീട്ടിൽ ചെന്ന് ശുശ്രൂഷിക്കുന്നതിന് വിഹിതം നൽകൽ | 500000/- | 17/27.6.2019 | തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത് |
| 2 | 30/19 ഹരിതകേരളമിഷന് ജലാശയനവീകരണപ്രവർത്തനങ്ങൾക്ക് വിഹിതം നൽകൽ | 1000000/- | 39/31.10.2018 | തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത് |
| 3 | 2/19 ഐ.കെ.എം ന് വിഹിതം നൽകൽ | 25000 | 1/30.4.2018 | ഇൻഫർമേഷൻ കേരള മിഷൻ |
| 4 | 71/19 അമര കുടിവെള്ള പദ്ധതിക്ക് വിഹിതം നൽകൽ | 1252380 | 10/16.5.2018, 1077069/- 12/16.5.2018, 175311/- | തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത് |
| 5 | 34/19 പൻപുഴ സാംസ്കാരിക നിലയത്തിന് വിഹിതം നൽകൽ | 295000 | 26/7.9.2018 | മാടപ്പള്ളി ഗ്രാമപഞ്ചായത്ത് |
| 6 | 12/19 ലൈഫ് ഭവന പദ്ധതി | 6792200 | 19/13.7.2018, 1400000 | വാഴപ്പള്ളി ഗ്രാമപഞ്ചായത്ത് 1400000 |
| | | | 20/13.7.2018, | മാടപ്പള്ളി |

| | | | | |
|---|---|---|---|---|
| | | | 1400000 | ഗ്രാമപഞ്ചായത്ത് 1400000 |
| | | | 22/16.8.2018, 1400000 | തുക്കൊടിത്താനം ഗ്രാമപഞ്ചായത്ത്-1400000 |
| | | | 24/16.8.2018, 1192200/- | വാകത്താനം ഗ്രാമപഞ്ചായത്ത് 1192200 |
| | | | 23/16.8.2018, 1400000/- | പായിപ്പാട് ഗ്രാമപഞ്ചായത്ത് 1400000 |
| 7 | ലൈഫ് ഭവന പദ്ധതി, എസ്.സി | 880000 | 18/13.7.2018, 560000/- | മാടപ്പള്ളി ഗ്രാമപഞ്ചായത്ത് 560000 |
| | | | 38/31.01.2018, 320000/- | തുക്കൊടിത്താനം ഗ്രാമപഞ്ചായത്ത്-320000 |
| | **ആകെ** | **10744580** | | |

വിനിയോഗവിവരത്തിന്റെ അഭാവത്തിൽ 10744580/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-16 പൊതുമരാമത്ത് പ്രവൃത്തികൾ - അപാകതകൾ

1. റോഡ് പ്രവൃത്തികൾ –കാലി ബാരലിന്റെ വിലയും ജി.എസ്.ടി.യും ബില്ലിൽ കുറവ് ചെയ്തില്ല– കരാറുകാരന് അധികം നൽകിയ തുക അംഗീകരിക്കുന്നില്ല.

ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട ഫയലും എം.ബുക്കും പരിശോധിച്ചതിൽ ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ കാലി ബാരലിന്റെ വിലയും ജി.എസ്.ടി.യും ബില്ലിൽ കുറവ് ചെയ്തിട്ടില്ല.

| | | |
|---|---|---|
| പ്രോജക്ട് നം. | 85/19 | 25/19 |
| പ്രവൃത്തിയുടെ പേര് | മുസ്ലീംസ്കൂൾ മുനിസിപ്പൽ അതിർത്തി റോഡ് (തോട്ടായിക്കടവ് മാർക്കറ്റ് റോഡ് പുനരുദ്ധാരണം ) | അഴകാത്തുപടി - കുളങ്ങോട്ടുപടി റോഡ് റീടാറിംഗും കോൺക്രീറ്റിംഗും |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ |
| അടങ്കൽ | 3,80,094 | 4,29,000 |
| ചെലവ് | 3,20,721 | 2,50,800 |
| ബിൽ നം./ തീയതി | 09/18-19/24.11.2018 | 15/18-19/23.01.2019 |
| എം.ബുക്ക് | 8/17-18 | 05/18-19 |

പ്രോജക്ട് നം. 85/19 ന് വേണ്ടി വാങ്ങിയ 16 ബാരലിന്റെയും പ്രോജക്ട് നം. 25/19 ന് വേണ്ടി വാങ്ങിയ 11 ബാരലിന്റെയും വിലയിനത്തിൽ 6426/- രൂപ (27x238 ) ജി.എസ്.ടി. സഹിതം കോൺട്രാക്ടറിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2. റീടെൻഷൻ തുകകൾ, ഗുണഭോക്തൃവിഹിതം എന്നിവ ഫൈനൽ ബിൽ തുക നൽകുമ്പോൾ ക്രമീകരിക്കുന്നില്ല.

മേൽ പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ ഗുണഭോക്തൃവിഹിതം ഇനത്തിന്റെ ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്കുന്ന തുകകളും പാർട്ട് ബിൽ നൽകുമ്പോൾ പിടിക്കുന്ന റീടെൻഷൻ തുകകളും ഫൈനൽ ബിൽ നൽകുന്ന സമയത്തോ നാളിതുവരെയോ റിലീസ് ചെയ്ത് നൽകിയിട്ടില്ല.

പ്രോജക്ട് നം.85/19 ന്റെ ഒന്നാം പാർട്ട് ബില്ലിൽ കുറവ് ചെയ്ത 8999 രൂപയും പ്രോജക്ട് നം.25/19 ന്റെ ഒന്നാം പാർട്ട് ബില്ലിൽ കുറവ് ചെയ്ത 25080 രൂപയും നാളിതുവരെ നൽകിയിട്ടില്ല. കൂടാതെ, പ്രോജക്ട് നം. 95/19– മാടപ്പള്ളി ബ്ലോക്ക് വാഴപ്പള്ളി പഞ്ചായത്തിലെ തുരുത്തി ഡിവിഷനിൽ ഈരത്ര ഇഞ്ചൻ തുരുത്തി പാടശേഖരത്തിലെ പുറം ബണ്ട് ബലപ്പെടുത്തൽ എന്ന പ്രവൃത്തിയുടെ ഗുണഭോക്തൃവിഹിതം ഇനത്തിൽ ബ്ലോക്ക്പഞ്ചായത്തിൽ ഒടുക്കിയിട്ടുള്ള 215000 രൂപയും നാളിതുവരെ ചെലവഴിച്ചിട്ടില്ല. ചെലവ് പത്രിക പ്രകാരം ചെലവഴിക്കപ്പെട്ടിട്ടുള്ള ടി ചെലവുകൾ കോൺട്രാക്ടർമാർക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 1-17 ഇ-ടെണ്ടർ - ടെണ്ടർഫീസ് ഇനത്തിൽ ലഭിച്ച തുക ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ ലഭിച്ചിട്ടില്ല

സ്ഥാപനം തൻവർഷം വിവിധ മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ നടത്തിയതിൽ ടെൻഡർ ഫീസിനത്തിൽ എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിലനിൽക്കുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ലഭിച്ച ടെൻഡറുകളുടെ എണ്ണം | ടെണ്ടർ ഫീ | ആകെ ഫീസ് |
|---|---|---|---|---|---|
| 1 | 49/19 | നീലംപേരൂർ ചാമം റോഡിൽ യൂദാപുരം ചാമറോഡ് ഭാഗം നിർമ്മാണം | 4 | 1000 | 4000 |
| 2 | 41/19 | മാന്നില ആശ്രമം പടി റോഡ് നിർമ്മാണം | 5 | 1050 | 5250 |
| 3 | 53/19 | ചീരംചിറ പാടശേഖരം റോഡ് കോൺക്രീറ്റിംഗ് | 3 | 1000 | 3000 |
| 4 | 37/19 | കുരിശുംമൂട് ശാന്തിനഗർ റോഡ് കോൺക്രീറ്റിംഗ് | 6 | 1000 | 6000 |
| 5 | 56/19 | വാലോലിക്കൽ ആലംപറമ്പ് റോഡ്കോൺക്രീറ്റിംഗം | 2 | 1000 | 2000 |

| | | | | | |
|---|---|---|---|---|---|
| | | സംരക്ഷണഭിത്തിനിർമ്മാണവും | | | |
| 6 | 25/19 | അഴകാത്തുപടി കുളങ്ങോട്ടുപടി റോഡ് കോൺക്രീറ്റിംഗും റീടാറിംഗും | 5 | 1000 | 5000 |
| 7 | 45/19 | ചേന്നമറ്റം തൃക്കോയിക്കൽ റോഡ് കോൺക്രീറ്റിംഗ് | 7 | 1000 | 7000 |
| 8 | 29/19 | കിളിമല ശ്മശാനം റോഡ് കോൺക്രീറ്റിംഗും സംരക്ഷണഭിത്തി നിർമ്മാണവും | 2 | 1000 | 2000 |
| 9 | 66/19 | ഫ്രണ്ട് ഓഫീസ് നവീകരണവും സ്റ്റോർ റൂം മെയിന്റനൻസും | 2 | 490 | 980 |
| 10 | 36/19 | അടവിച്ചിറ കോളനി റോഡ് കോൺക്രീറ്റിംഗ് | 4 | 1000 | 4000 |
| 11 | 122/19 | വെട്ടിക്കുന്നേൽ പള്ളി പോട്ടച്ചിറ റോഡ് പുനരുദ്ധാരണം | 2 | 1000 | 2000 |
| 12 | 101/19 | പായിപ്പാട് ഗവ. ഹയർസെക്കൻഡറി സ്കൂൾ ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലറ്റ് നിർമ്മാണം | 2 | 1372 | 2744 |
| 13 | 65/19 | വിട്ടുകിട്ടിയ സ്ഥാപനങ്ങൾ, ബ്ലോക്ക് പഞ്ചായത്ത്ഹാൾ പെയിന്റിംഗ് | 3 | 980 | 2940 |
| 14 | 52/19 | ചേരിക്കൽ മാലൂർക്കാവ് കോളനി അടിസ്ഥാന സൗകര്യവികസനം | 2 | 980 | 1960 |
| 15 | 104/19 | ഓക്സിജൻ പാർലർ നവീകരണം | 2 | 980 | 1960 |
| 16 | 103/19 | കുനന്താനം വെരൂർചിറ റോഡ് സൈഡ് കെട്ടൽ | 1 | 1000 | 1000 |
| 17 | 99/19 | തൃക്കോതമംഗലം ഗവ. ഹയർ സെക്കൻഡറി സ്കൂൾ ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലറ്റ് നിർമ്മാണം | 2 | 1372 | 2744 |
| 18 | 102/19 | വടക്കേക്കര ഗവ. ഹയർസെക്കൻഡറി സ്കൂൾ ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലറ്റ് നിർമ്മാണം | 2 | 1372 | 2744 |
| 19 | 121/19 | മാടപ്പള്ളി ബ്ലോക്ക്പഞ്ചായത്ത് കോമ്പൗണ്ടിൽ വനിതാകാന്റീൻ നിർമ്മാണം | 2 | 2400 | 4800 |
| 20 | 120/19 | മാടപ്പള്ളി ബ്ലോക്ക് അനുബന്ധ നിർമ്മാണപ്രവർത്തനങ്ങൾ | 2 | 1650 | 3300 |
| 21 | 116/19 | കുരുവിക്കാട്ട് തെക്കനാട്ട് പടി പാലം റോഡ് കോൺക്രീറ്റിംഗ്, സൈഡ് കെട്ടൽ | 2 | 875 | 1750 |
| | | **ആകെ** | | | **67172** |

ടെൻഡർ ഫീസ് ഇനത്തിൽ ബ്ലോക്ക്പഞ്ചായത്തിന് ലഭിക്കേണ്ട 67172 രൂപ പഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം അറിയിക്കണമെന്ന് കാണിച്ച് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.2 ) നൽകിയതിന് തുക പഞ്ചായത്തിന് ലഭ്യമാക്കിയിട്ടില്ല എന്നാണ് അറിയിച്ചത്. 67172 രൂപ പഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-18 വൗച്ചർ സൂക്ഷിപ്പിലെ അപാകതകൾ

2018-19 വർഷത്തെ കണ്ടിജന്റ് ചെലവുകളുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

2018-19 വർഷത്തെ വൗച്ചറുകൾ തീയതിക്രമത്തിൽ അനുബന്ധരേഖകൾ സഹിതം സൂക്ഷിച്ചിട്ടില്ല. വൗച്ചറുകൾ പ്രകാരമുള്ള ചെലവുകൾക്കാധാരമായ രേഖകൾ പൂർണ്ണമല്ല. ചെക്ക് ഇഷ്യൂ രജിസ്റ്ററിൽ പേയ്മെന്റ് വൗച്ചറിന്റെ വിവരം, ചെലവിനം മുതലായവ രേഖപ്പെടുത്തുന്നില്ല. രേഖകളുടെ അഭാവത്തിൽ തൻവർഷത്തെ വൗച്ചറുകൾ എല്ലാം ലഭ്യമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമല്ല. അപൂർണ്ണമായ രേഖകളുടെ ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേയ്മെന്റ് വൗച്ചർ നം. തീയതി | തുക | അപാകത |
|---|---|---|---|
| 1 | 21800030, 28.04.2018 | 11833 | സ്റ്റേഷനറി സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. |
| 2 | 21800116, 23.06.2018 | 12320 | പടുത വാങ്ങിയതിന് നൽകിയ തുക- ക്വട്ടേഷൻ ലഭ്യമാക്കിയിട്ടില്ല |
| 3 | 218000465, 13.09.2018 | 500000 | സിഎംഡിആർഎഫ് ലേക്ക് നൽകിയ തുക- കൈപ്പറ്റ് ലഭ്യമാക്കിട്ടില്ല |
| 4 | 21800265, 16.10.2018 | 10800 | ചെലവിന്റെ വിശദാംശമില്ല |
| 5 | 21800346, 11.01.2019 | 16000 | ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിലുള്ള മരങ്ങളുടെ ശിഖരങ്ങൾ മുറിച്ച് അട്ടിയാക്കുന്നതിന് നൽകിയ തുക തുടർ നടപടികളുടെ വിവരം വ്യക്തമല്ല. |
| 6 | 21800340, 11.01.2019 | 9550 | ലോക്കുകൾ റിപ്പയർ ചെയ്തതിന് നൽകിയ തുക കൈപ്പറ്റില്ല. |
| 7 | 21800437, 20.03.2019 | 13400 | സ്റ്റേഷനറി വാങ്ങിയതിന് നൽകിയ തുക- കൈപ്പറ്റ്, സ്റ്റോക്കിലെടുത്തതിന്റെ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല. |
| 8 | 21800441, 20.03.2019 | 10282 | കർട്ടൺ വാങ്ങിയത്, കൈപ്പറ്റ് വിവരമില്ല |
| 9 | 21800436, 20.03.2019 | 14300 | റിഫ്രഷ്മെന്റ്, കൈപ്പറ്റ് വിവരമില്ല |
| | | | |

| | | | |
|---|---|---|---|
| 10 | 21800443, 20.03.2019 | 12734 | മാറ്റ് വാങ്ങിയത്, കൈപ്പറ്റ് വിവരമില്ല |
| 11 | 21800306, 04.12.2018 | 18536 | റിട്ടെൻഷൻ നൽകിയത്, തുക നൽകിയതിന്റെ കൈപ്പറ്റിയതിന്റെ വിവരമില്ല |
| 12 | 21800307, 04.12.2018 | 67676 | റിട്ടെൻഷൻ നൽകിയത്, തുക കൈപ്പറ്റിയതിന്റെ വിവരമില്ല |
| 13 | 21800471, 25.03.2019 | 49635 | ബോർഡ്, സ്റ്റിക്കർ എന്നിവയ്ക്ക് നൽകി. ക്വട്ടേഷൻ നടപടിക്രമങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
| 14 | 21800469, 26.03.19 | 15500 | ഫോട്ടോസ്റ്റാറ്റ് നന്നാക്കിയതിന് നൽകിയ തുക- ക്വട്ടേഷൻ, കൈപ്പറ്റ് വിവരം ലഭ്യമാക്കിയിട്ടില്ല. |
| 15 | ചെക്ക് നം 832, 28.03.2019 | 25643 | ഇലക്ട്രിക്കൽ മെയിന്റനൻസിന് കട്ടത്താനത്ത് ഇലക്ട്രിക്കൽസിന് നൽകിയത്, ക്വട്ടേഷനില്ല. പേയ്മെന്റ് വൗച്ചർ ലഭ്യമാക്കിയിട്ടില്ല. |
| 16 | ചെക്ക് നം 827, ചെക്ക് നം 828 | 8400, 2400 | മെച്ചപ്പെട്ട വിറക് അടുപ്പ് എന്ന പ്രോജക്ടിന് ഗുണഭോക്തൃവിഹിതം അടച്ചത് തിരികെ നൽകിയത്, ഗുണഭോക്താക്കൾ തുക കൈപ്പറ്റിയതിന്റെ വിവരം പൂർണമല്ല. |
| ആകെ | | 799009 | |

വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറപടി ലഭ്യമാക്കിയില്ല. പേയ്മെന്റ് വൗച്ചറുകൾ അനുബന്ധരേഖകൾ സഹിതം കൃത്യമായി സൂക്ഷിക്കേണ്ടതും മേൽപ്പറഞ്ഞ ചെലവുകളുടെ വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതുമാണ്. ചെലവ് രേഖകളുടെ അഭാവത്തിൽ 799009/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-19 പദ്ധതി നിർവഹണം, മോണിട്ടറിംഗ്- ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

പ്രോജക്ടിന്റെ പേര്- പദ്ധതി നിർവഹണം, മോണിട്ടറിംഗ്

പ്രോജക്ട് നം. 114/19

അടങ്കൽ- 62800/-

ചെലവ്- 16890/- (ബിൽ നം.64/25.03.2019)

2018-19 വർഷം സെക്രട്ടറി നിർവഹണം നടത്തിയ ഈ പ്രോജക്ട് ആവിഷ്കരിച്ചത് വാർഷിക പദ്ധതിയുടെ നിർവഹണവും മോണിട്ടറിംഗും കാര്യക്ഷമമായി നടത്തുന്നതിനുള്ള എല്ലാ പ്രവർത്തനങ്ങളും നടത്തുന്നതിനാണ്. എന്നാൽ 16890/-രൂപ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾക്ക് ചെലവഴിച്ചതാണെന്ന് വ്യക്തമാക്കുന്ന രേഖകൾ ഫയലിലില്ല. വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/16.11.2019) മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ 16980/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-20 വിട്ടു കിട്ടിയ സ്ഥാപനങ്ങൾക്കുള്ള ദൈനംദിനചെലവുകൾ -അഡ്വാൻസ് ക്രമീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയില്ല

പ്രോജക്ട് നം. 76/19

അടങ്കൽ- 117688/-

ചെലവ്- 80266/-

പ്രോജക്ടിന്റെ പേര്-വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്കുള്ള ദൈനംദിന ചെലവുകൾ .
2018-19 വർഷം സെക്രട്ടറി നിർവഹണം നടത്തിയ ഈ പ്രോജക്ട് പ്രകാരം 10000/- രൂപ (ബിൽ നം.14/23.06.2018) അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ഓഫീസിലേക്ക് സ്റ്റേഷനറി ചെലവിലേക്ക് അഡ്വാൻസ് ആയി നൽകിയിട്ടുണ്ട്. ടി ചെലവ് ക്രമീകരിച്ചതിന്റെ വിവരം ഫയലിലില്ല. വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/16.11.2019) മറുപടി ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ ലഭ്യമാക്കാത്തതിനാൽ 10000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-21 പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് | 23/18-19- പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി ധനസഹായം |
| അടങ്കൽ | 52,20,000(എസ് സി പി) |
| ചെലവ് | 44,50,000 |

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് ധനസഹായം നൽകുക എന്നതായിരുന്നു പ്രജക്ട് ലക്ഷ്യം. 26 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയതിൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെ പഠനമുറി പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കരാറിലേർപ്പെട്ട തീയതി | കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | രോഹിണി രാജപ്പൻ, പുതുച്ചിറ | 28.11.2018 | 1,50,000 |
| 2 | മഞ്ജിമ മനോജ്, വടക്കേക്കരത്തറ | 28.11.2018 | 1,50,000 |
| 3 | അശ്വിൻ സതീഷ്, നാലുപാറയിൽ | 28.11.2018 | 50,000 |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3) പട്ടികജാതി വികസന ഓഫീസർ ലഭ്യമാക്കിയ മറുപടിയിൽ രോഹിണി രാജപ്പൻ എന്ന ഗുണഭോക്താവ് പഠനമുറി നിർമ്മാണം ഈ മാസം പൂർത്തീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ടെന്നും മഞ്ജിമ മനോജ് എന്ന ഗുണഭോക്താവ് പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും ബാക്കി തുക ഉടനെ നൽകുമെന്നും അറിയിച്ചു.

അശ്വിൻ സതീഷ് എന്ന ഗുണഭോക്താവ് പഠനമുറി നിർമ്മിക്കുവാൻ സാധ്യമല്ലാത്തതിനാൽ തുക തിരികെ നൽകാമെന്നും അറിയിച്ചിരുന്നുവെങ്കിലും തിരികെ ഈടാക്കുന്നതിനു നടപടി സ്വീകരിച്ചിട്ടില്ല. തുക അടിയന്തിരമായി തിരികെ ഈടാക്കി സർക്കാരിലേക്ക് നിശ്ചിത ശീർഷകത്തിൽ അടവാക്കി അറിയിക്കേണ്ടതാണ്. ബാക്കി രണ്ട് ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്. അതുവരെ 3,50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-22 പ്രത്യേക ആവശ്യത്തിന് ലഭിച്ച തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു- നീക്കിയിരിപ്പിന്റെ കൃത്യത വ്യക്തമല്ല

പ്രത്യേക ആവശ്യത്തിന് വിവിധ ഏജൻസികളിൽ നിന്നും ലഭിച്ച തുകകൾ ചെലഴിക്കാതെ തനത് ഫണ്ടിലും ഇവയ്ക്ക് പ്രത്യേകമായിട്ടുള്ള ബാങ്ക് അക്കൗണ്ടുകളിലും സൂക്ഷിക്കുന്നുണ്ട്. ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിൽ (31.03.2019) ടി തുകകളുടെ നീക്കിയിരിപ്പ് താഴെ വിവരിക്കും പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | ഹെഡ് ഓഫ് അക്കൗണ്ട് | വിവരണം | തുക |
|---|---|---|---|
| 1 | 320100102 | സ്വർണ്ണജയന്തി ഗ്രാമസ്വരോസ്ഗാർ യോജന | 5500 |
| 2 | 320100103 | ഹരിയാലി | 2261399 |
| 3 | 320100105 | അഡ്മിനിസ്ട്രേറ്റീവ് കോസ്റ്റ് ഓഫ് പോവർട്ടി അലീവിയേഷൻ യൂണിറ്റ് | 6776 |
| 4 | 320100110 | ഇന്ദിരാ ആവാസ് യോജന | 64366 |
| 5 | 320100115 | സമ്പൂർണ്ണ ശുചിത്വ യജ്ഞം | 552208 |
| 6 | 320100199 | പ്രത്യേക ആവശ്യങ്ങൾക്കുള്ള ഫണ്ട്- കേന്ദ്ര സർക്കാർ വിഹിതം | 944 |
| 7 | 320100299 | പ്രത്യേക ആവശ്യങ്ങൾക്കുള്ള ഫണ്ട്- മറ്റ് ഗ്രാന്റുകൾ | 14636 |
| 8 | 320200307 | പ്രത്യേക ആവശ്യങ്ങൾക്കുള്ള ഫണ്ട്- മറ്റ് ഗ്രാന്റുകൾ- സ്റ്റേറ്റ് സ്പോൺസേർഡ് സ്കീം | 5428 |
| 9 | 320300199 | പ്രത്യേക ആവശ്യങ്ങൾക്കുള്ള ഫണ്ട്- മറ്റ് ഏജൻസികൾ | 59713 |
| 10 | 320700104 | സംയുക്ത പ്രോജക്ടുകൾ- ബ്ലോക്ക് പഞ്ചായത്ത്- ക്യാപിറ്റൽ | 5484 |
| 11 | 320700203 | സംയുക്ത പ്രോജക്ടുകൾ- വില്ലേജ് പഞ്ചായത്ത്-റവന്യൂ | 7059490 |
| 12 | 320700204 | സംയുക്ത പ്രോജക്ടുകൾ- ബ്ലോക്ക് പഞ്ചായത്ത്- റവന്യൂ | 9883285 |
| 13 | 320700205 | സംയുക്ത പ്രോജക്ടുകൾ- ജില്ലാ പഞ്ചായത്ത്- റവന്യൂ | 11295184 |

മേൽ തുകകൾ ചെലവഴിക്കാത്തതിന്റെ കാരണം രേഖാമൂലം ലഭ്യമാക്കുവാൻ അവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. പരാമർശിത തുകകളുടെ വിനിയോഗം നിരീക്ഷിക്കുന്നതിന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ടി തുകകളുടെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല. ഇവ സംബന്ധിച്ച് പരിശോധന നടത്തി ഓരോ ഇനത്തിലും ബാക്കി നിൽക്കുന്ന തുക നിർണ്ണയിച്ച് തുക ലഭ്യമാക്കിയ സ്ഥാപനത്തിന് തിരികെ നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# 1-23 ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് മുച്ചക്ര വാഹനം നൽകൽ - രേഖകൾ ഹാജരാക്കിയില്ല

പ്രോജക്റ്റ് നം. – 9/19
നിർവഹണ ഉദ്യോഗസ്ഥൻ – സിഡിപിഒ
അടങ്കൽ – 600000/-
ചെലവ് – 320040/-
ബിൽ നം. 05/2018-19 തീയതി. 25.3.2019 – 320040/-

ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് മുച്ചക്രവാഹനം നൽകൽ എന്ന പ്രോജക്റ്റിൽ നാല് ഗുണഭോക്താക്കൾക്ക് സൈഡ്‌വീലോടുകൂടിയ സ്കൂട്ടർ നൽകിയിട്ടുണ്ട്. രേഖകൾ പരിശോധിച്ചതിൽ ടി ആളുകൾക്ക് ലേണേഴ്സ് ലൈസൻസ് ലഭിച്ചതിന്റെ രേഖകളാണ് സമർപ്പിച്ചിരുന്നത്. ടി ആളുകളുടെ പേരിൽ വാഹനം രജിസ്റ്റർ ചെയ്തതിന്റെ രേഖകളോ ഡ്രൈവിംഗ് ലൈസൻസിന്റെ പകർപ്പുകളോ ഹാജരാക്കിയിരുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ എൻക്വയറി (എൻക്വയറി നം. 1 തീയതി 8.11.2019) ക്കു ലഭിച്ച മറുപടിയിൽ വാഹനം ലഭിച്ച 4 പേരിൽ ഒരാളുടെ ആർ സി ബുക്ക്, ഡ്രൈവിംഗ് ലൈസൻസ് എന്നിവയുടെ കോപ്പികളും മറ്റ് 3 പേരുടെ പേരിലുള്ള ആർ സി ബുക്കിന്റെ കോപ്പികളും ഹാജരാക്കിയിട്ടുണ്ട്. മൂന്നു പേരുടെ (രഘു റ്റി, കെ എം മാത്യു, ഷഫീക്ക് പള്ളിപറമ്പിൽ) ഡ്രൈവിംഗ് ലൈസൻസിന്റെ പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ 240030/- (80010x3) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-24 വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല- ചെലവ് തടസ്സപ്പെടുത്തുന്നു

2018-19 വർഷം താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം. | മുൻകൂർ നൽകിയ തുക |
|---|---|---|---|
| കെ എസ് ഇ ബി | 79/19-തോട്ടക്കാട് ഡിവിഷനിൽ വാകത്താനം പഞ്ചായത്ത് 5 -ാം വാർഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 8/16.05.2018 | 499980 |
| " " | 77/19- കുറുമ്പനാടം ഡിവിഷനിൽ മാടപ്പള്ളി | 11/16.05.2018, | 494950 |

| | | | |
|---|---|---|---|
| | പഞ്ചായത്ത് 20 വര-പൂവത്തുംമൂട് റോഡ്, കുന്നംപുറം-തൈമറ്റം റോഡ് സ്ട്രീറ്റ് മെയിൻ വലിക്കൽ | ചെക്ക് നം 812916, 28.03.2019 | |
| | 19/19-അയർക്കാട്ടുവയൽ ഡിവിഷനിലെ 1,2,3,4,5,6, 20 വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 34/28.06.2018 | 499824 |
| | 118/19- കുറുമ്പനാടം ഡിവിഷനിൽ 1,2,3,5,7,20 വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 48/28.12.2018 | 493676 |
| കേരള ജല അതോറിറ്റി | 117/19- തൃക്കൊടിത്താനം ഡിവിഷനിൽ മണിമുറി മേച്ചേരി കോളനി പൈപ്പ് ലൈൻ വലിക്കൽ | 63/20.03.2019 | 60000 |
| | 31/19- തൃക്കൊടിത്താനം ഡിവിഷനിൽ മണിമുറി മേച്ചേരി കോളനി പൈപ്പ് ലൈൻ വലിക്കൽ-രണ്ടാം ഘട്ടം | 40/12.11.2018 | 50000 |
| | 127/19- വാകത്താനം പഞ്ചായത്തിൽ സി എ ആന്റ് ഡബ്ല്യു എസ് എസ് മാടപ്പള്ളി, കറുകച്ചാൽ പഞ്ചായത്ത് പൈപ്പ് ലൈൻ വലിക്കൽ 12-ാം വാർഡിൽ ഒഴിതാനാക്കുളം പനച്ചിമൂട്ടിൽ വേങ്ങാനം പാറപ്പടി പൈപ്പ് ലൈൻ വലിക്കൽ | 62/20.03.2019 | 50000 |
| **ആകെ** | | | **2148430** |

വിനിയോഗ വിവരം ലഭ്യമല്ലാത്തതിനാൽ 21484308/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2-1 വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന വരവ് സംബന്ധമായ ഓഡിറ്റ് നിരീക്ഷണങ്ങൾ

ഭാഗം I ൽ ഉൾപ്പെട്ട വരവ് സംബന്ധമായ നിരീക്ഷണങ്ങളിൽ ചാർജ് നടപടി സ്വീകരിക്കാവുന്ന ഖണ്ഡികകൾ ഇല്ല.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

# 3-1 സ്കൂളുകൾക്ക് ലാപ്ടോപ്പ്, പ്രൊജക്ടർ, പ്രൊജക്ട് സ്ക്രീൻ എന്നിവ വാങ്ങൽ - സർക്കാർ ഉത്തരവ് പാലിക്കാതെ അധികം തുക ചെലവഴിച്ചു

പ്രോജക്ടിന്റെ പേര് -ബ്ലോക്ക് പരിധിയിലെ സർക്കാർ എൽ പി, യു പി, ഹൈസ്കൂളുകൾക്ക് ലാപ്ടോപ്പ്, പ്രൊജക്ടർ, പ്രൊജക്ട് സ്ക്രീൻ എന്നിവ വാങ്ങൽ

പ്രോജക്ട് നം. 97/19

അടങ്കൽ- 1500000/- (വികസനഫണ്ട് )

ചെലവ്- 1006500/- (194700/- രൂപ, ബിൽ നം. 52/20.03.2019, 422400/- രൂപ- ബിൽ നം. 60/20.03.2019, 389400/ -ബിൽ നം. 52/20.03.2019 )

2018-19 വർഷം സെക്രട്ടറി നിർവഹണം നടത്തിയ ഈ പ്രോജക്ട് പ്രകാരം ടെണ്ടർ നിർവഹണരീതി മുഖേന 15 എൽ.പി, യു.പി സ്കൂളുകളിൽ കെ.എം ടെക്നോളജീസ് കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നും ലാപ്ടോപ്പ്, പ്രൊജക്ടർ, പ്രൊജക്ട് സ്ക്രീൻ എന്നിവ വാങ്ങി നൽകിയിട്ടുണ്ട്. സ്കൂളുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്കൂളിന്റെ പേര് |
|---|---|
| 1 | ഗവ.യു.പി.എസ്, പൂവം |
| 2 | ഗവ.യു.പി.എസ്, ചീരഞ്ചിറ |
| 3 | ഗവ.എൽ.പി.എസ്, കുറുമ്പനാടം |
| 4 | ഗവ.യു.പി.എസ്, പായിപ്പാട് |
| 5 | ഗവ.മുസ്ലിം എൽ.പി.എസ്, പായിപ്പാട് |
| 6 | ഗവ.എൽ.പി.എസ്, മാടപ്പള്ളി |
| 7 | ഗവ.എൽ.പി.എസ്, കടമാൻചിറ |
| 8 | ഗവ.എൽ.പി.എസ്, തൃക്കൊടിത്താനം |
| 9 | ഗവ.എൽ.പി.എസ്, തോട്ടയ്ക്കാട് |
| 10 | ഗവ.എൽ.പി.എസ്, മരങ്ങാട് |
| 11 | സെന്റ് അദായ് ഗവ.എൽ.പി.എസ്, നാലുന്നാക്കൽ |
| 12 | ഗവഎൽ.പി.എസ്, തൃക്കോതമംഗലം |
| 13 | ഗവ.എൽ പി.എസ്, വാകത്താനം |
| 14 | വിവേകാനന്ദ എൽപി.എസ്, പറാൽ |
| 15 | ഗവ.എൽ.പി.എസ്, തുരുത്തി |

പൊതുവിദ്യാഭ്യാസവകുപ്പിന്റെ 06.01.2018 ലെ സ.ഉ (സാധാ )നം. 97/20 ഉത്തരവ് പ്രകാരം നിർവഹണം നടത്തിയ ഈ പ്രോജക്ടിന്റെ നിർവഹണത്തിൽ ടി ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

1. ഗവ.എൽ.പി സ്കൂൾ, മാടപ്പള്ളിയ്ക്ക് നൽകിയ ലാപ്ടോപ്പ് എ.ഇ.ഒ ഓഫീസിൽ നൽകിയിരിക്കുന്നതായും പ്രൊജക്ടർ, സ്ക്രീൻ (കവർ തുറക്കാതെ) എന്നിവ ഓഫീസ് മുറിയിൽ സൂക്ഷിച്ചിരിക്കുന്നതായും 18.11.2019 ൽ സ്കൂൾ സന്ദർശിച്ചതിൽ വ്യക്തമായി. ഗവ എൽ.പി സ്കൂൾ, തൃക്കൊടിത്താനത്തിന് നൽകിയ പ്രൊജക്ടർ, സ്ക്രീൻ എന്നിവ കവർ തുറക്കാതെ സൂക്ഷിച്ചിരിക്കുന്നതായി കാണപ്പെട്ടു. രണ്ട് സ്ഥലങ്ങളിലും ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല. വിതരണക്കാർ പ്രഥമാദ്ധ്യാപകന് ഉപകരണങ്ങൾ പ്രവർത്തിപ്പിച്ച് കാണിക്കേണ്ടതാണെന്നും എല്ലാ ഐ.ടി ഉപകരണങ്ങളിലും ഇൻസ്റ്റലേഷൻ തീയതി, വാറന്റി പീരീഡ്, സർവീസ് നടത്തേണ്ട സ്ഥാപനം/വ്യക്തിയുടെ വിശദാംശങ്ങൾ എന്നിവ രേഖപ്പെടുത്തേണ്ടതാണെന്നുമുള്ള മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾ ഇവിടെ പാലിക്കപ്പെട്ടിട്ടില്ല. ഇപ്രകാരം ഉപയോഗിക്കാതെ സൂക്ഷിച്ചാൽ എല്ലാ ഉപകരണങ്ങൾക്കും 5 വർഷ വാറണ്ടി ഉറപ്പാക്കണമെന്നുള്ള മേൽ ഉത്തരവിലെ നിർദ്ദേശം എങ്ങനെ പാലിക്കുമെന്ന് വ്യക്തമല്ല. 15 സ്കൂളുകളിൽ നിന്നും ഉപകരണങ്ങളുടെ ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ്, ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതാണ്.

2. ഉപകരണങ്ങൾ വിതരണം ചെയ്യുന്നവർ പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള കാൾ സെന്റർ നമ്പർ, വെബ് പോർട്ടൽ അഡ്രസ് എന്നിവ സ്കൂളുകൾക്ക് ലഭ്യമാക്കേണ്ടതാണെന്നും ഹാർഡ് വെയർ പരാതികൾ വിതരണക്കാർ 2 പ്രവൃത്തി ദിവസങ്ങൾക്കകം അറ്റൻഡ് ചെയ്യേണ്ടതും പരമാവധി അഞ്ച് പ്രവൃത്തി ദിവസങ്ങൾക്കകം പരിഹരിക്കേണ്ടതുമാണെന്ന മേൽ ഉത്തരവിലെ നിർദ്ദേശം പാലിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

3. മേൽ ഉത്തരവിലെ ഒന്നാമത്തെ മാർഗനിർദ്ദേശം പ്രകാരം ലാപ്ടോപ്പ് കമ്പ്യൂട്ടർ, പ്രൊജക്ടർ, പ്രൊജക്ടർ സ്ക്രീൻ എന്നിവയ്ക്ക് ഈടാക്കാവുന്ന പരമാവധി തുക അനുബന്ധമായി ചേർത്തിട്ടുണ്ട്. ലാപ്ടോപ്പ്, പ്രൊജക്ടർ, പ്രൊജക്ടർ സ്ക്രീൻ എന്നിവയ്ക്ക് ഈടാക്കാവുന്ന പരമാവധി തുക (ജി.എസ്.ടി ഉൾപ്പെടെ) യഥാക്രമം 31000/-, 23860/-, 2200/- രൂപ (ആകെ -57060/- രൂപ) യാണ്. സർക്കാർ ഉത്തരവ് പ്രകാരം 15 സ്കൂളുകൾക്ക് 855900/- രൂപ ( 57060* 15)യാണ് ആകെ ചെലവഴിക്കാവുന്നത്. ഈ തുകയിൽ അധികരിച്ച് 15 സ്കൂളുകൾക്ക് ആകെ 1006500/- രൂപ (15*67100) ചെലവഴിച്ചതായി കാണുന്നു. 150600/- രൂപ അധികം നൽകിയതിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശപ്രകാരമുള്ള തുകയിൽ അധികമായി നൽകിയ 150600/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. അധികമായി ചെലവഴിച്ച തുകയ്ക്ക് നിർവ്വഹണോദ്യോഗസ്ഥയായ സെക്രട്ടറി ശ്രീമതി ചന്ദ്രിക. ബി. ബാദ്ധ്യതപ്പെട്ടിരിക്കുന്നു.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| | | |

| | | |
|---|---|---|
| 2018-19 | 21.08.2019 | കെ.എസ്.എ-കെ.ടി.എം.പി15/1286/2019/29.08.2019 |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രോജക്ടുകൾക്ക് തൻവർഷം തുക ലഭിച്ചിട്ടില്ല. സംയുക്ത പ്രോജക്ടുകൾക്കായുള്ള ശീർഷകങ്ങളിൽ വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഐഎവൈ പദ്ധതിക്കായി മറ്റ് സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച തുകകളും വിവിധ ബാങ്ക് അക്കൗണ്ടുകളിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ള പലിശ തുകകളുമാണ്.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | 79/19-തോട്ടക്കാട് ഡിവിഷനിൽ വാകത്താനം പഞ്ചായത്ത് 5-ാം വാർഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 8/16.05.2018 | 499980 | 0 | 499980 |
| " " | 77/19- കുറുമ്പനാടം ഡിവിഷനിൽ മാടപ്പള്ളി പഞ്ചായത്ത് 20 വര-പൂവത്തുംമൂട് റോഡ്,കുന്നംപുറം-തൈമറ്റം റോഡ് | 11/16.05.2018, ചെക്ക് നം 812916,28.03.2019 | 494950 | 0 | 494950 |

| | | | | | |
|---|---|---|---|---|---|
| | സ്ട്രീറ്റ് മെയിൻ വലിക്കൽ | | | | |
| | 19/19- അയർക്കാട്ടുവയൽ ഡിവിഷനിലെ 1,2,3,4,5,6 20 വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 34/28.06.2018 | 499824 | 0 | 499824 |
| | 80/19- ഇരുത്തി ഡിവിഷനിൽ വാഴപ്പള്ളി പഞ്ചായത്തിൽ ഒന്നാം വാർഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 9/16.05.2018 | 499980 | 499980 | 0 |
| | 118/19- കുറുമ്പനാടം ഡിവിഷനിൽ 1,2,3,5,7,20 വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 48/28.12.2018 | 493676 | 0 | 493676 |
| കേരള ജല അതോറിറ്റി | 117/19- തൃക്കൊടിത്താനം ഡിവിഷനിൽ മണിമുറി മേച്ചേരി | 63/20.03.2019 | 60000 | 0 | 60000 |

| | | | | | |
|---|---|---|---|---|---|
| | കോളനി പൈപ്പ് ലൈൻ വലിക്കൽ | | | | |
| | 31/19- തൃക്കൊടിത്താനം ഡിവിഷനിൽ മണിമുറി മേച്ചേരി കോളനി പൈപ്പ് ലൈൻ വലിക്കൽ- രണ്ടാം ഘട്ടം | 40/12.11.2018 | 50000 | 0 | 50000 |
| | 127/19- വാകത്താനം പഞ്ചായത്തിൽ സി എ ആന്റ് ഡബ്ല്യു എസ് എസ് മാടപ്പള്ളി, കറുകച്ചാൽ പഞ്ചായത്ത് പൈപ്പ് ലൈൻ വലിക്കൽ 12-ാം വാർഡിൽ ഒഴിതാനാക്കുളം പനച്ചിമൂട്ടിൽ വേങ്ങാനം പാറപ്പടി പൈപ്പ് ലൈൻ വലിക്കൽ | 62/20.03.2019 | 50000 | 0 | 50000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ

തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തിരിച്ചടച്ച തുക | | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ. | ജി.ഒ. (എം.എസ്.)നം 332/13/ തസ്വഭവ തീയതി 9.10.2013 | 4875000 | 2873000 | 500000 | | 2375000**(*)** |

**(*)** വായ്പാ രജിസ്റ്റർ പ്രകാരമുള്ള തുകയാണ്. വാർഷിക ധനകാര്യ പത്രികയിലെ തുക കൃത്യമല്ല.

# 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3-7 | 2010-11 | 2-14 | കേരള വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിച്ചത് | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2012-13, 2013-14 | | 2014-15 | 4.1.5 | എസ് സി വനിതാ പരിശീലന കേന്ദ്രം - നിഷ്ക്രിയ ആസ്തി | |

# 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 48214814 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 105617513 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 150600 * |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 14802313 |

*സർചാർജ് നടപടികൾക്ക് വിധേയമായ നഷ്ടം മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 150600 | ശ്രീമതി ചന്ദ്രിക ബി, സെക്രട്ടറി |
| ആകെ | | 150600 | |

(സർചാർജ് ചെയ്യാവുന്നവ മാത്രം ഉൾപ്പെടുത്തിയിരിക്കുന്നു).

<u>**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-8 | 175284 | ശ്രീ പ്രേംകുമാർ എൻ എം., പട്ടികജാതി വികസന ഓഫീസർ |
| 1-14 | 318000 | ശ്രീമതി. ചന്ദ്രിക ബി. സെക്രട്ടറി |
| 1-15 | 10744580 | ടി കാലയളവിലെ സെക്രട്ടറിമാർ |
| 1-18 | 799009 | ടി കാലയളവിലെ സെക്രട്ടറിമാർ |
| 1-19 | 16980 | ശ്രീമതി. ചന്ദ്രിക ബി. സെക്രട്ടറി |
| 1-20 | 10000 | ശ്രീമതി. അനിസ്.ജി, സെക്രട്ടറി |
| 1-21 | 350000 | ശ്രീ പ്രേംകുമാർ എൻ എം., പട്ടികജാതി വികസന ഓഫീസർ |

| | | |
|---|---|---|
| 1-23 | 240030 | ജെസി മാമ്മൻ, ഐസിഡിഎസ് പ്രോജക്ട് ഓഫീസർ |
| 1-24 | 2148430 | ടി കാലയളവിലെ സെക്രട്ടറിമാർ |
| ആകെ | 14802313 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

1-13

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ചന്ദ്രിക ബി. സെക്രട്ടറി | വിരമിച്ചു | കാരയ്ക്കാട്ട് സഹസ്രാരം, മാടപ്പള്ളി പി.ഒ. ചങ്ങനാശ്ശേരി |

# 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98 | നം.എൽ.എഫ്.കെ.പി.15/ അദാ/816(13)/18/ 8.5.18 | 4 | |
| 1999-00 | നം.എൽ.എഫ്.കെ.പി.15/ അദാ/816(5)/18/ 8.5.18 | 9 | |
| 2001-02 | നം.എൽ.എഫ്.കെ.പി.15/ അദാ/816(4)/18/ 8.5.18 | 3 | |
| 2002-03 | നം.എൽ.എഫ്.കെ.പി.3/770/13/30.10.13/ 5.11.13 | 4 | |
| 2003-04 | നം.എൽ.എഫ്.കെ.പി.15/ അദാ/816(5)/18/ 8.5.18 | 3 | |
| 2004-05 | നം.എൽ.എഫ്.കെ.പി.15/ അദാ/816(6)/18/ 8.5.18 | 2 | |
| | | | |

| | | | |
|---|---|---|---|
| 2006-07 | നം.എൽ.എഫ്.കെ.പി.15/ അദാ/816(8)/18/ 8.5.18 | 11 | |
| 2007-08 | നം.എൽ.എഫ്.കെ.പി.3/770/13/31.1.14 | 4 | |
| 2008-09 | നം.എൽ.എഫ്.കെ.പി.15/ അദാ/816(9)/18/ 8.5.18 | 2 | |
| 2009-10 | നം.എൽ.എഫ്.കെ.പി.15/ അദാ/816(5)/18/ 8.5.18 | 5 | |
| 2010-11 | നം.എൽ.എഫ്.കെ.പി.15/അദാ/ 816(11)/18/ 8.5.18 | 12 | |
| 2011-12 | നം.എൽ.എഫ്.കെ.പി.15/അദാ/ 816(12)/18/ 8.5.18 | 2 | |
| 2012-13 | നം.എൽ.എഫ്.കെ.പി.15/ അദാ/816(13)/18/ 8.5.18 | 4 | |
| 2013-14 | നം.എൽ.എഫ്.കെ.പി.15/ അദാ/816(14)/18/ 8.5.18 | 5 | |
| 2014-15 | നം.എൽ.എഫ്.കെ.പി.15/അദാ/816/18/ 8.5.18 | 1 | |
| 2015-16 | നം.എൽ.എഫ്.കെ.പി.15/അദാ/ 816(16)/18/ 8.5.18 | 3 | |
| 2016-17 | നം.കെ.എസ്.കെ.ടി.എം.പി.15/380/18/ 4.4.18 | 11 | |
| 2017-18 | നം.കെ.എസ്.കെ.ടി.എം.പി.15/1866/18/ 29.10.18 | 10 | |

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഒാഡിറ്റ് വകുപ്പ്,**
**ജില്ലാ ഒാഡിറ്റ് കാര്യാലയം-കോട്ടയം**

# <u>അനുബന്ധം 1 ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

**നം.കെ.എസ്.എ-കെ.ടി.എം.പി.15/1781/2019** **കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in

തീയതി: 28.01.2020

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും **കോട്ടയം** ജില്ലയിലെ മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഉള്ളതിനാൽ എന്റെ അഭിപ്രായത്തിൽ മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുവാൻ സാധിക്കുന്നില്ല.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**

**ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം**